പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 241 — 03.03.2009 ലെ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളിലെ ഭാരിച്ച ജോലി ഭാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സാജു പോൾ | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളിലെ ഭാരിച്ച ജോലിഭാരം കണക്കിലെടുത്ത് പഞ്ചായത്തുകളിലെ ജീവനക്കാരുടെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (എ) | ഉണ്ട്. |
| (ബി) | പഞ്ചായത്തുകളെ വിവിധ ഗ്രേഡുകളായി തിരിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ? | (ബി) | 1960 ലെ കേരള പഞ്ചായത്ത് ആക്ടിന്റെയും 1967 ലെ കേരള പഞ്ചായത്ത് (എസ്റ്റാബ്ലിഷ്മെന്റ്) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്തുകളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഗ്രേഡുകളെന്നും, ഒന്നാം ഗ്രേഡ് എന്നും, രണ്ടാം ഗ്രേഡ് എന്നും, മൂന്നാം ഗ്രേഡ് എന്നും തരംതിരിച്ചിരുന്നു. ഇത്തരത്തിൽ തരംതിരിവ് നടത്തിയിരുന്നത് സർക്കാർ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ ആയിരുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം 1977-78, 1978-79 വർഷങ്ങളിലെ പഞ്ചായത്തുകളുടെ ശരാശരി വരുമാനപരിധി കണക്കാക്കി 1983 ലാണ് അവസാനമായി ഗ്രേഡുകൾ തിരിച്ച് ഉത്തരവായിട്ടുള്ളത്. 30.04.1982 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് അവസാനമായി പഞ്ചായത്തുകളിലെ ജീവനക്കാരുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടുള്ളത്.<br>1994 ലെ കേരള പഞ്ചായത്ത് (എസ്റ്റാബ്ലിഷ്മെന്റ്) ചട്ടങ്ങൾ ഇല്ലാതായി. അതിനാൽ നിലവിൽ ഗ്രാമ പഞ്ചായത്തുകളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിംഗ് നടത്താൻ നിയമങ്ങളോ ചട്ടങ്ങളോ നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഗ്രാമ പഞ്ചായത്തുകളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിംഗ് നടത്താൻ വ്യവസ്ഥകൾ ഒന്നും തന്നെ ഉൾക്കൊള്ളിച്ചിട്ടില്ല. |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | | | ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നതോടു കൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മാനദണ്ഡ പ്രകാരമാണ് വികസന ഫണ്ട് അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ ഗ്രേഡിങ്ങിന് പ്രസക്തിയുമില്ല. |
| (സി) | ജീവനക്കാരുടെ കുറവു മൂലം പദ്ധതി പ്രവർത്തനം സജീവമായി നടത്താൻ ബുദ്ധിമുട്ട് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ജീവനക്കാരുടെ കുറവ് മൂലം പദ്ധതി നിർവ്വഹണത്തിൽ ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തസ്തിക ഇല്ലാതിരുന്ന 21 പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക സൃഷ്ടിച്ചു. വാനിഷിംഗ് കാറ്റഗറി ആയി മാറ്റപ്പെട്ട 190 ജൂനിയർ ബിൽ കളക്ടർ തസ്തികകൾക്ക് പകരം 190 എൽ.ഡി ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുകയും ജീവനക്കാരെ ലഭ്യമാക്കി വരികയും ചെയ്യുന്നു. 16 വകുപ്പുകളിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ ഒരു പഞ്ചായത്തിന് ഒന്ന് എന്ന ക്രമത്തിൽ പുനർവിന്യസിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.242 — 3.3.2009 -ൽ മറുപടിയ്ക്ക്.

## പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.എം.എം.മോനായി<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. പി.ജയരാജൻ | ശ്രീ. പാലോളി മുഹമ്മദ്കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ്<br>മന്ത്രി |
| എ) പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകൾ താഴെപറയുന്നവയാണ്:-<br><br>1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നുണ്ടോയെന്ന് വിലയിരുത്തുക,<br><br>2) മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ പാളിച്ചകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുക,<br><br>3) വരുമാനമാർഗ്ഗങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക,<br><br>4) വികസന പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്നു് വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ തത്സമയം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായി ക്കുക. |
| ബി) ആഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (കില) സഹകരിച്ച് പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്ത |

നത്തെക്കുറിച്ചും ആഡിറ്റ് നടത്തേണ്ട രീതികളെക്കുറിച്ചും പരിശീലനം നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| സി) | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളും പദ്ധതി ചെലവും വിശദമായി പരിശോധിക്കുന്നതിന് പെർഫോമൻസ് വിഭാഗത്തിന് കഴിയുന്നുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പെർഫോമൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പെർഫോമൻസ് ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു:<br><br>1. നിലവിലുള്ള സംവിധാനം പുന:സംഘടിപ്പിക്കുക<br><br>2. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായകമായ രീതിയിൽ ആഡിറ്റ് വിഭാഗത്തെ സുസജ്ജമാക്കുക<br><br>3. വിശദമായ ഒരു പെർഫോമൻസ് ആഡിറ്റ് മാന്വൽ തയ്യാറാക്കുക<br><br>4. പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക.<br><br>5. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിവരശേഖരം (ഡാറ്റാ ബേസ്) ഉണ്ടാക്കുക. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 243. — 03-03-2009 ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞാളാംകുഴി അലി.<br>,, ടി.പി. കുഞ്ഞുണ്ണി.<br>,, കെ.കെ. ജയചന്ദ്രൻ.<br>,, എം.ജെ. ജേക്കബ്<br>,, കെ.കെ. ദിവാകരൻ | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും, വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, വകുപ്പിന്റെ ദൈനംദിന പ്രവർത്തികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി വകുപ്പിൽ വരുത്തിയ പരിഷ്കാരങ്ങളും ഭേദഗതികളും താഴെ പറയുന്നവയാണ്.<br><br>2001 ൽ The Registration Act and other related Laws and Amendment Act (2001) മുഖേന രജിസ്ട്രേഷൻ നിയമം ഭേദഗതി ചെയ്തു കൊണ്ട് കേന്ദ്ര സർക്കാർ, ആധാരം രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ ഹാജരാക്കുന്ന ആളുടെയും, സ്ഥാവര വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച ആധാരങ്ങളിൽ വാങ്ങുന്ന ആളുടെയും വിൽക്കുന്ന ആളുടെയും ഫോട്ടോയും വിരലടയാളവും പതിച്ചിരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി രജിസ്ട്രേഷൻ ചട്ടങ്ങൾ ഭേദഗതിചെയ്തു 4-5-2007 ലെ ആർ.ആർ.4-5448/2003- ാം നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ രജിസ്റ്ററിംഗ് ഓഫീസർ തന്റെ മുൻപാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന ആളുടെ അനന്യത സ്വയം ബോദ്ധ്യപ്പെടുന്നതിലേക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തു. ഇപ്രകാരം അനന്യത തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖയുടെ പ്രസക്തഭാഗത്തിന്റെ ഫോട്ടോകോപ്പി വാങ്ങേണ്ടതും ആധാരനമ്പറും രജിസ്റ്റർ ചെയ്ത തീയതിയും ചേർത്ത് രജിസ്റ്ററിംഗുദ്യോഗസ്ഥർ ഫയൽ ചെയ്ത് പരിപാലിക്കേണ്ടതുമാണ്. തിരിച്ചറിയൽ കാർഡ് സംബന്ധിച്ച നടപടി കേന്ദ്രഭേദഗതിയിൽ ഇല്ലാത്തതും സംസ്ഥാനത്ത് പ്രത്യേകം നടപ്പാക്കിയതുമാണ്.<br><br>1968 -ലെ കേരള മുദ്രപത്ര നിയമം (കരണങ്ങളിൽ വിലകുറച്ച് വയ്ക്കുന്നത് തടയൽ) ഭേദഗതി വരുത്തിക്കൊണ്ട് ആധാരത്തിൽ ഉൾപ്പെട്ട കെട്ടിടത്തിനെ പറ്റിയുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടി ഫോറം 1 ബി ആധാരങ്ങളുടെ അനുബന്ധമായി |

ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും, കുടിക്കട സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകുന്നതിനുള്ള കാലതാമസവും തൻമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും പരിഹരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നിലനിന്നകാര്യക്ഷമതക്കുറവിന്റെ അടിസ്ഥാന കാരണം ആധാരപ്പകർപ്പുകൾ എഴുതിത്തയ്യാറാക്കി നൽകേണ്ടി വരുന്നതു മൂലമുള്ള കനത്ത ജോലി ഭാരം ആയിരുന്നു. അമിതജോലിഭാരം, പെരുകുന്ന ജോലിക്കുടിശിക, പരാതികൾ, എന്നിവക്കെല്ലാം കാരണമായ കാലഹരണം വന്നകയ്യെഴുത്ത് സമ്പ്രദായത്തിന്റെ സ്ഥാനത്ത് കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു നവീന സംവിധാനം ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കി. ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന ഈ നൂതനസംവിധാനം ഉപയോഗിച്ച് അതിവേഗത്തിൽ സർട്ടിഫൈഡ് കോപ്പികൾ നൽകാനാവും. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഡിജിറ്റൽ ഇമേജ് പ്രിന്റർ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. അപേക്ഷകർക്ക് ആധാരപ്പകർപ്പുകൾ കിട്ടാനുണ്ടായിരുന്ന കാലതാമസം ശരാശരി 6 മാസമായിരുന്നു. കോഴിക്കോട് ജില്ലയിലെ ചേവായൂർ സബ് രജിസ്ട്രാർ ഓഫീസിൽ ഏഴുവർഷത്തെ അപേക്ഷകളാണ് കുടിശ്ശിക ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അപേക്ഷിക്കുന്ന ദിവസംതന്നെ സർട്ടിഫൈഡ് കോപ്പികൾ അപേക്ഷകർക്ക് നൽകാൻ കഴിയുന്ന തരത്തിൽ കാര്യക്ഷമത ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. കാലതാമസത്തെക്കുറിച്ചുള്ള പരാതികളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് - സഹായകമായ വിധത്തിൽ ഭൂമിയെ 15 ആയി തരം തിരിച്ചിട്ടുണ്ട് ന്യായവില സംബന്ധിച്ച കരട് വിജ്ഞാപനം 05/05/2008 ലെ 872-ാം നമ്പർ അ-സാധാരണ ഗസറ്റ് നോട്ടിഫിക്കേഷനായി പ്ര-സിദ്ധീകരിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിലെ പരാതികളും അപാകതകളും പരിഹരിച്ച് ഫൈനൽ ഫെയർ വാല്യൂ നിജപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ആൾ മാറാട്ടം വഴിചെയ്യുന്നതോ. സർക്കാർ ഭൂമികൈമാറുന്നതോ ആയ ഭൂമിയുടെ നിയമ വിരുദ്ധ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് സർക്കാറിന് അധികാരം നൽകുന്ന വിധത്തിൽ രജിസ്ട്രേഷൻ നിയമ ഭേദഗതിക്കുള്ള കരട് ബിൽ സംസ്ഥാന മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. ഈ ബില്ലിന് ഇന്ത്യ ഗവൺമെന്റിൽ നിന്നും അനുമതിവാങ്ങാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അനുമതി ലഭിച്ചാൽ നിയമനിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

രജിസ്ട്രേഷൻ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സമയ ബന്ധിതമായ സേവനം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ കാര്യത്തിൽ തന്റെ അവകാശങ്ങളെപ്പറ്റി ഓരോ പൗരനും ടി രേഖയിൽ നിന്നും കൃത്യമായി അറിയാനാവുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനം

കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകുന്നതാണ്.

രജിസ്ട്രേഷനു വേണ്ടി ഹാജരാക്കുന്ന ആധാരങ്ങൾക്ക് സംസ്ഥാനമൊട്ടുക്ക് ഐകരൂപ്യം നിലവിലില്ലാതിരുന്ന സാഹചര്യത്തിൽ ആധാരങ്ങൾ തയ്യാറാക്കുന്നതിന് സംസ്ഥാനമൊട്ടുക്ക് ഐകരൂപ്യമുണ്ടായാൽ അത് രജിസ്ട്രേഷൻ നിയമത്തിലും, ചട്ടങ്ങളിലും, പ്രതിപാദിച്ചിട്ടുള്ളപ്രകാരം വളരെ എളുപ്പത്തിലും വേഗത്തിലും ആധാരങ്ങൾ തയ്യാറാക്കി പരിപാലിക്കുന്നതിനും, സൂചകപത്രങ്ങൾ എളുപ്പത്തിൽ തയ്യാറാക്കുന്നതിനും അത് വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും വകുപ്പിനെ പ്രാപ്തമാക്കും എന്നതിനാലും വ്യാജപ്രമാണങ്ങൾ തയ്യാറാക്കി രജിസ്റ്റർ ചെയ്യപ്പെടുന്നത് കാര്യമായ തോതിൽ തടയപ്പെടുകയും ചെയ്യും എന്നതിനാലും 1908-ലെ രജിസ്ട്രേഷൻ നിയമം 16 എ (1), 69(1) എന്നീ വകുപ്പുകളും, 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ 23, 26 എന്നീ ചട്ടങ്ങളും അനുസരിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ മുമ്പാകെ രജിസ്ട്രേഷനുവേണ്ടി ഹാജരാക്കാനുദ്ദേശിക്കുന്ന ആധാരങ്ങൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകി നടപ്പിൽ വരുത്തിയിട്ടുണ്ട്.

വകുപ്പിനെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതികൾ തീർപ്പാക്കാനായി എല്ലാ ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും പ്രതിമാസ പരാതി പരിഹാര അദാലത്തും നടപ്പാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി | കള്ളപ്രമാണങ്ങളും ആൾ മാറാട്ടവും തടയാൻ സ്വീകരിച്ച നടപടി ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി | ഉണ്ട്. ഫലപ്രദമാണ്. |
| സി | പുതിയ സംവിധാനം ഏർപ്പെടുത്തിയതിനുശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ ; | സി | ഇല്ല |
| ഡി | വസ്തു വില്പന കരാറുകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും കള്ളപ്രമാണങ്ങൾ റദ്ദാക്കാൻ സർക്കാരിന് അധികാരം നൽകുന്നതിനുമായി രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്താനുള്ള കരട് ബിൽ കേന്ദ്രാനുമതിക്ക്സമർപ്പിച്ചിട്ടുണ്ടോ ? | ഡി & ഇ | വസ്തു വില്പനക്കരാറുകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും, ആൾമാറാട്ടം വഴി ചെയ്യുന്നതോ സർക്കാർ ഭൂമി കൈമാറുന്നതോ ആയ കള്ളപ്രമാണങ്ങൾ റദ്ദു ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നതിനും, രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബിൽ സംസ്ഥാനമന്ത്രി സഭായോഗം അംഗീകരിക്കുകയും കേന്ദ്രാനുമതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനുമതി ലഭിച്ചാൽ നിയമ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഇ) | ബില്ലിന് കേന്ദ്രാനുമതി നേടിയെടുക്കുന്നതിന് സമ്മർദ്ദം ചെലുത്തുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 244 — 03.03.2009-ൽ മറുപടിക്ക്

മിനിമം വേജസ് കമ്മിറ്റികളുടെ രൂപീകരണം

| ചോദ്യം<br>ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | മറുപടി<br>ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര മിനിമം വേജസ് കമ്മിറ്റികൾ രൂപീകരിച്ചു; ഇവ ഏതൊക്കെ മേഖലയിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏഴ് മിനിമം വേജസ് കമ്മിറ്റികളാണ് രൂപീകരിച്ചിട്ടുള്ളത്. ഇവ ഫാർമസ്യൂട്ടിക്കൽസ് മേഖലയിലെ സെയിൽസ് പ്രൊമോഷൻ, ഖാദി വ്യവസായം, സ്വകാര്യ ആശുപത്രികൾ, കടകളും വാണിജ്യസ്ഥാപനങ്ങളും, ഹാൻഡ്‌ലൂം, പ്രിന്റിംഗ് പ്രസ്സ് , കള്ള് ചെത്ത് എന്നിവയാണ്. ഇവയിൽ ഫാർമസ്യൂട്ടിക്കൽസ് മേഖലയിലെ സെയിൽസ് പ്രൊമോഷൻ, കടകളും വാണിജ്യ സ്ഥാപനങ്ങളും എന്നീ മേഖലകൾക്ക് വേണ്ടി രൂപീകരിക്കപ്പെട്ട കമ്മിറ്റികൾ ഇതിനകം തന്നെ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇനി ഏതെല്ലാം മേഖലകളിൽ മിനിമം വേജസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; ആയത് മിനിമം വേജസ് - കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടാണോ അതോ മിനിമം വേജസ് ആക്ടിലെ മറ്റ് വ്യവസ്ഥകൾ പാലിച്ചു കൊണ്ടാണോ എന്നത് വ്യക്തമാക്കാമോ? | (ബി) കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഇലക്ട്രിക് എക്യുപ്മെന്റ്, ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്, പെട്രോൾ പമ്പ്, വീട്ടുജോലി, ആഭരണ നിർമ്മാണം, സ്റ്റാർ ഹോട്ടൽസ്, സോപ്പ് നിർമ്മാണം, സെക്യൂരിറ്റി സർവ്വീസ്, ഹാന്റിക്രാഫ്റ്റ്, സിനിമ-ടെലിവിഷൻ പ്രോഗ്രാം നിർമ്മാണം, പ്ലാസ്റ്റിക് വ്യവസായം, പ്രൈവറ്റ് ടെംപിൾസ്, ഗാർമെന്റ് വ്യവസായം, മാർബിൾ ആന്റ് ഗ്രാനൈറ്റ്, ഈറ്റയും കാട്ടുവള്ളിയും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നോൺ ടീച്ചിംഗ് സ്റ്റാഫ്, സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ്, ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ ഓഫീസുകൾ, വാട്ടർ ബോട്ട് ട്രാൻസ്പോർട്ട്, പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, കൺസ്ട്രക്ഷൻ, മെയിന്റനൻസ് ഓഫ് ഡാംസ്, അലുമിനിയം & ടിൻ പ്രോഡക്ട്സ്, ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രി, വയർ കട്ട് ബ്രിക്സ്, സ്ക്രീൻ പ്രിന്റിംഗ്, മെക്കനൈസ്ഡ് ഫിഷ് കാച്ചിംഗ്, ഇലക്ട്രോണിക് ഇൻഡസ്ട്രി, ടിംബർ കട്ടിംഗ്, ക്ലിയർ ഫെല്ലിംഗ്, ട്രാൻസ്പോർട്ടിംഗ് ഓഫ് ലോഗ്സ്, ട്രീ ക്ലൈംബിംഗ്, ഫർണിച്ചർ ഇൻഡസ്ട്രി എന്നീ മേഖലകളിലാണ് ഇനി മിനിമം വേജസ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>പുതിയതായി ഏതെങ്കിലും മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുമ്പോൾ ആയത് മിനിമം വേജസ് കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടാണോ അതോ മിനിമം വേജസ് ആക്ടിലെ മറ്റ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ എന്നത് തീരുമാനിക്കുന്നത് മേഖലകളെ സംബന്ധിച്ച വിശദ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 245 03.03.2009 ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. ബി.രാഘവൻ :<br>ശ്രീ.ജോർജ് എം.തോമസ്:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീ. എം. ഹംസ: | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രീ പ്രൈമറി തലം മുതൽ പോസ്റ്റ്മെട്രിക്തലം വരെ വിദ്യാഭ്യാസാനുകൂല്യം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്നതിന്റെ ഭാഗമായി പബ്ലിക് സ്ക്കൂൾ മാതൃകയിൽ റസിഡൻഷ്യൽ സൗകര്യത്തോടു കൂടി വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ/ആശ്രമ സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. മറ്റ് പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസുകൾ നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) എസ്.എസ്.എൽ.സി., പ്ലസ്-2 പരീക്ഷകളിൽ പരാജയപ്പെട്ട പട്ടികവർഗ്ഗ കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി) പ്ലസ്സ് ടു, സയൻസ് ബാച്ചിൽ പഠിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുവേണ്ടി പ്രവേശന പരീക്ഷയ്ക്കു മുമ്പായി ഒരു മാസത്തെ ക്രാഷ് കോഴ്സ് പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിൽ പ്ലസ്സ് വൺ, പ്ലസ്സ് ടു, സയൻസ് ബാച്ചിൽ പഠിയ്ക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ പരിശീലനം നല്കുന്നുണ്ട്. 2008–09 അദ്ധ്യയന വർഷം മെഡിക്കൽ കോഴ്സുകളിൽ പ്രവേശനത്തിനു എൻട്രൻസ് കമ്മീഷണർ മുഖേന പ്രത്യേക പ്രവേശന പരീക്ഷ നടത്തുകയുണ്ടായി. ഇവർക്കായി പ്രത്യേക കോച്ചിംഗും നൽകി. |
| (ഇ) പട്ടികവിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ചും തൊഴില വസരങ്ങളെ സംബന്ധിച്ചും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ) പട്ടികവർഗ്ഗ വികസന വകുപ്പ് തൊഴിലവസരങ്ങളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം നല്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ ബുള്ളറ്റിൻ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേന വ്യാപക പ്രചരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 246 03..03..2009 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഊർജ്ജ ഉൽപ്പാദനത്തിന് പരമ്പരാഗത മാർഗ്ഗങ്ങൾക്കുപുറമേ എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനത്ത് ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) 1. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ നടപടികൾ നടന്നുവരുന്നു.<br>2. ഒറ്റപ്പെട്ട വിദൂര സ്ഥലങ്ങളിൽ സൗരോർജ്ജമുപയോഗിച്ച് വൈദ്യുതീകരണം<br>3. ചെറിയ സൗരവൈദ്യുത നിലയങ്ങൾ<br>4. ജൈവാവശിഷ്ടങ്ങളിൽ നിന്നും ബയോഗ്യാസ് ഉത്പാദിപ്പിക്കുന്ന പദ്ധതി |
| (ബി) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദനത്തിന് നിലവിൽ എന്തെങ്കിലും ക്രമീകരണങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) കേരളത്തിൽ സൂര്യപ്രകാശത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ നിലവിലുണ്ട്.<br>1. സോളാർ പവർ പ്ലാൻറുകൾ 11 എണ്ണം - 40.04 KW<br>2. സോളാർ ഗാർഹിക വിളക്ക് - 18,888 x 35 W - 661.08 KW<br>3. വൈദ്യുത ശൃംഖലയിൽ നേരിട്ട് ബന്ധിപ്പിച്ചിട്ടുള്ളത് - 25.00 KW<br>4. സോളാർ തെരുവ് വിളക്കുകൾ - 965 x 70W - 67.55 KW |

5. സോളാർ ലാൻേറണുകൾ - 1.5 ലക്ഷം x 10W - 1500.00 KW
6. സോളാർ വാട്ടർ പമ്പിംഗ് സിസ്റ്റം - 252 x 1000W - 252.00 KW

**ആകെ വൈദ്യുതി (സ്ഥാപിതശേഷി) - 2.5MW**

| | | | |
|---|---|---|---|
| (സി) | ഇല്ലെങ്കിൽ സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല. മേൽപറഞ്ഞതിനു പുറമേ കെ.എസ്.ഇ.ബി. യുടെ ഗ്രിഡുമായി കണക്ട് ചെയ്യാവുന്ന തരത്തിലുള്ള ഗ്രിഡ് ഇന്ററാക്ടീവ് സോളാർ പാനൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ട്. |
| (ഡി) | അനെർട്ടിൻെറ പ്രവർത്തനം കൂടുതൽ ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | 11-ാം പഞ്ചവൽസര പദ്ധതിയിൽ ഊർജ്ജമേഖലയിലെ മുൻനിര പദ്ധതിയായി കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ള സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതിയിലൂടെ ഊർജ്ജരംഗത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സൗരോർജ്ജം ഉപയോഗപ്പെടുത്തിയും ജൈവദ്രവ്യഗ്യാസിഫയർ സാങ്കേതികവിദ്യ ഉപയോഗിച്ചും വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട അനെർട്ടിൻെറ പ്രവർത്തനം കൂടുതൽ ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Ramm

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 247

3.3.2009-ൽ മറുപടിയ്ക്ക്

## ബി.പി.എൽ. ലിസ്റ്റിലുണ്ടായ അപാകത പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ടി.എൻ. പ്രതാപൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ. | ബി.പി.എൽ. ലിസ്റ്റു തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾക്ക് പാളിച്ച ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. | എങ്കിൽ എന്തു വിധത്തിലുള്ള പാളിച്ചകളാണ് ഉണ്ടായിട്ടുള്ളത്; | ബി. | ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ കരട് ബി.പി.എൽ. ലിസ്റ്റിൽ വിരളമായെങ്കിലും അനർഹരായ കുടുംബങ്ങൾ കടന്നുകൂടുകയും അർഹരായ കുടുംബങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്തിരുന്നു. |
| സി. | ഇതു പരിഹരിച്ചുവോ; | സി. | അപാകതകൾ പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി. | ഇല്ലാത്തപക്ഷം അവയുടെ ഫലമെന്തായിരുന്നു; | ഡി. | കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം 2003-ൽ നടത്തിയ സർവ്വേ പ്രകാരം ശേഖരിച്ച വിവരങ്ങളാണ് കുടുംബശ്രീ മിഷൻ വഴി 2007-ൽ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കിയത്. ഈ കാലയളവിനുള്ളിൽ സാമൂഹിക സാമ്പത്തിക രംഗങ്ങളിലുണ്ടായ പുരോഗതി മേൽപ്പടി പട്ടികയിൽ ഉൾപ്പെട്ടിരുന്ന പല കുടുംബങ്ങളെയും പട്ടികയിൽ ഉൾപ്പെടുന്നതിന് അനർഹരാക്കി. മാത്രമല്ല പട്ടികയിൽ ഉൾപ്പെടേണ്ടിയിരുന്ന പല കുടുംബങ്ങളും ഒഴിവാക്കപ്പെടുകയും ചെയ്തു. കൂടാതെ സെൻസസിൽ ഉണ്ടായ അപാകതകൾ മൂലവും ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ കൃത്യമായ പരിശോധന നടക്കാതിരുന്നത് മൂലവും, ലിസ്റ്റ് അംഗീകരിക്കുന്നതിന് ചേർന്ന ഗ്രാമസഭയിൽ ശരിയായ രീതിയിൽ ലിസ്റ്റ് പരിശോധന വിധേയമാക്കാതിരുന്നതുമൂലവും പാളിച്ചകൾ കടന്ന് കൂടി.<br><br>മേൽപ്പറഞ്ഞ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും കരട് ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട അനർഹരായ കുടുംബങ്ങളെ ഒഴിവാക്കുന്നതിന് ഒഴിവാക്കൽ മാനദണ്ഡങ്ങൾ(Exclusion criteria) പുറപ്പെടുവിക്കുകയും ചെയ്തു. കൂടാതെ അർഹരായ മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. |
| & | | & | |
| ഇ. | ഈ പാളിച്ച ഉണ്ടാകാനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കാമോ ? | ഇ. | |

---

ഇപ്രകാരം നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ അന്തിമ ബി.പി. എൽ ലിസ്റ്റിൽ അനർഹരായ കുടുംബങ്ങൾ കടന്ന് കൂടുകയും അർഹരായവർ ഒഴിവാക്കപ്പെടുകയും ചെയ്യുമായിരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 248 — 03-03-09 -ൽ മറുപടിക്ക്.

## കള്ള് വ്യവസായം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>" ബാബുപോൾ<br>" വി. എസ്. സുനിൽ കുമാർ<br>" എ. കെ. ചന്ദ്രൻ<br>" പി. തിലോത്തമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ കള്ള് വ്യവസായം തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഉണ്ടെങ്കിൽ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (സി) ബാധകമല്ല. |
| (ഡി) എങ്കിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എന്തെല്ലാം ശുപാർശകളാണ് കമ്മിറ്റി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 249

3.3.2009-ൽ മറുപടിക്ക്

ആഴക്കടൽ മത്സ്യബന്ധന വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

ചോദ്യം

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ശ്രീ. എ.പ്രദീപ് കുമാർ
ശ്രീ. എ.എം.യൂസഫ്
ശ്രീ.സി.കെ. സദാശിവൻ
ശ്രീ. എം.കെ.പുരുഷോത്തമൻ
ശ്രീ. സി.കെ.പി.പത്മനാഭൻ

എ) ആഴക്കടൽ മത്സ്യബന്ധന വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

എ) ആഴക്കടൽ മത്സ്യബന്ധനത്തിനായി നിലവിൽ മൂന്നു പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. മത്സ്യബന്ധന ബോട്ടുകൾ നവീകരിക്കുന്നതിനും ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ വഴി പരിശീലനം നൽകുന്നതിനും വിഭാവനം ചെയ്തിട്ടുള്ള പദ്ധതി. ഇതിൽ 50 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യയുടെ കപ്പലിൽ ആഴക്കടൽ മത്സ്യബന്ധനവും പരിശീലനവും, 13 ബോട്ടുകൾക്ക് അവയുടെ ഘടനയിൽ മാറ്റം വരുത്തി ആഴക്കടൽ മത്സ്യബന്ധനത്തിനുപയുക്തമാക്കലുമാണ് ഉദ്ദേശിക്കുന്നത്. ഒരു കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ 43 മത്സ്യത്തൊഴിലാളികൾ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും, തെരഞ്ഞെടുത്ത 4 യാനങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയുക്തമാക്കുന്ന വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. ഡോറി ഫിഷിംഗ് പദ്ധതി: മത്സ്യഫെഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുമായി ആകെ 20 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുന്നതിനായി 4 കോടി രൂപയുടെ കേന്ദ്ര സഹായം ഗ്രാന്റായി ലഭ്യമായിട്ടുണ്ട്. 4 ലക്ഷത്തോളം രൂപ ഓരോ ഗുണഭോക്തൃ ഗ്രൂപ്പും വായ്പയായി സംഘടിപ്പിക്കേണ്ടതായുണ്ട്. ഒരു ഗ്രൂപ്പിൽ 50 മത്സ്യത്തൊഴിലാളികളുണ്ടാകും. തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളുടെ ചെറു വള്ളങ്ങളും ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന വിധത്തിൽ സജ്ജമാക്കുന്നതിനുള്ള തുക ധനസഹായമായി നൽകുന്നു. ജി.പി.എസ്., ഫിഷ്ഫൈന്റർ, വി.എച്ച്.എഫ് റേഡിയോ ടെലഫോണുകൾ, ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിങ്ങനെയുള്ള ആധുനിക ഉപകരണങ്ങൾ ഗ്രൂപ്പുകൾക്ക് നൽകും. വിവിധയിനം ചൂണ്ടകളും ഒഴുക്കുവലകളുമാണ് ഈ യാനങ്ങളിൽ ഉപയോഗിക്കുക. ഗുണഭോക്താക്കൾക്ക് വിദഗ്ദ്ധ പരിശീലനം

| | |
|---|---|
| | നൽകുന്നതിനായി സിഫ്നെറ്റ്, എം.പി.ഇ.ഡി.എ തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിക്കുകയും പരീക്ഷണ മത്സ്യബന്ധനത്തിനാവശ്യമായ ചെലവ് മത്സ്യഫെഡ് വഹിക്കുകയും ചെയ്യുന്നു.<br>3. സി.ഡി.എ വഴി നടപ്പിലാക്കുന്ന ആഴക്കടൽ ട്യൂണ മത്സ്യബന്ധന പദ്ധതി. ഇതിനായി 121 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 4 മത്സ്യത്തൊഴിലാളികളടങ്ങിയ 10 ഗ്രൂപ്പുകൾക്ക് രാജ്യാന്തര സാങ്കേതിക വിദഗ്ദ്ധർ മുഖേന ട്യൂണ ഫിഷിംഗ് പരിശീലനം നൽകുന്നതിനും 100 ബോട്ടുകളുടെ ഘടന ചൂര പിടിക്കുന്നതിന് അനുയോജ്യമായ വിധത്തിൽ മാറ്റുന്നതിനും ലാന്റിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി) ഇതിനായി മത്സ്യഫെഡിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; | ബി) ഈ പദ്ധതിക്കായി മത്സ്യഫെഡിനു 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) ഈ മേഖലയിൽ കൂടുതൽ സാങ്കേതിക പരിജ്ഞാനം നേടുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുമായി നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) ഉണ്ട്. |
| ഡി) ആഴക്കടൽ മത്സ്യബന്ധനം മൂലം പ്രതിവർഷം എത്ര ടൺ മത്സ്യം അധികമായി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | ഡി) ഇന്ത്യൻ എക്സ്ക്ലൂസിവ് എക്കണോമിക് സോണിൽ 2.13 ലക്ഷം ടൺ ട്യൂണ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പ്രതിവർഷം 20,000 ടൺ മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുമ്പോൾ പ്രതിവർഷം ഏകദേശം 4000 ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. |

Arya Kumari
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 250 — 03-03-09 -ൽ മറുപടിക്ക്.

## മദ്യ വിപത്ത്

| ചോദ്യം: | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" വി. ചെന്താമരാക്ഷൻ<br>" എം. ഹംസ<br>" കെ. ടി. ജലീൽ<br>" കെ. വി. കുഞ്ഞിരാമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ആളോഹരി മദ്യ ഉപയോഗത്തിൽ കേരളം മുൻപന്തിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007-08 കാലയളവിൽ കേരളത്തിലെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന 13.32 കോടി ലിറ്റർ ആയിരുന്നു. ആളോഹരി ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഉപഭോഗം 4.19 ലിറ്റർ എന്ന് കാണുന്നു. |
| (ബി) മദ്യം ഉപയോഗിക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപ്പുവർഷം എത്ര കോടി രൂപ വിനിയോഗിച്ചു; | (ബി) നടപ്പു സാമ്പത്തിക വർഷം 20 ലക്ഷം രൂപ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരവും 10 ലക്ഷം രൂപ കളക്ടർമാർ മുഖാന്തിരവും നൽകി പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിനു പുറമേ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നൽകിയിട്ടുള്ള 30 ലക്ഷം രൂപ കൂടി വിനിയോഗിച്ച് വിവിധ മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |
| (സി) മദ്യവിപത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഹായം തേടുമോ? | (സി) ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹായ സഹകരണത്തോടെയാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 251 — 3.3.2009-ൽ മറുപടിക്ക്

## ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം ആരിഫ്<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. സി.എച്ച് കുഞ്ഞമ്പു<br>ശ്രീ.സി.കെ. സദാശിവൻ<br>ശ്രീ.പി.വിശ്വൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു; | എ) ആറ് എണ്ണം |
| ബി) അവയിൽ ഏതെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; | ബി) ഒന്നും പൂർത്തിയായിട്ടില്ല. നിർമ്മാണപ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഏതെല്ലാമാണ്; ഇവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | സി) കൊയിലാണ്ടി,തലായി,പൊന്നാനി,തോട്ടപ്പള്ളി, ചേത്തി,ചെല്ലാനം , അർത്തുങ്കൽ,മുതലപ്പൊഴി,വിഴിഞ്ഞം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ ബെർമ് സംരക്ഷണവും ഡ്രഡ്ജിംഗും പൂർത്തീകരിക്കുവാൻ ഉണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ ദർഘാസിന് അംഗീകാരം നൽകി. ഡ്രഡ്ജിംഗിനുശേഷം മാത്രമേ ബ്രേക്ക്‌വാട്ടറുകളുടെ നീളം അന്തിമമായി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. റോഡുകൾ, വാർഫ്, ഓക്ഷൻ ഹാൾ എന്നിവയുടെ ദർഘാസിന് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു പ്രവൃത്തികൾ ഏർപ്പാടാക്കുന്നതാണ്. ചേത്തി, ചെല്ലാനം, അർത്തുങ്കൽ,കൊയിലാണ്ടി,തലായി എന്നിവിടങ്ങളിൽ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പൊന്നാനിയിൽ പുലിമുട്ട്, വാർഫ് ഓക്ഷൻ ഹാൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാനപ്രവൃത്തിയായ പുലിമുട്ടുകളുടെ നിർമ്മാണത്തിനായി മുൻ യോഗ്യതാ ദർഘാസുകൾ ക്ഷണിച്ചതിൻ പ്രകാരം ലഭിച്ചത് പരിശോധിച്ചുവരുന്നു. |
| ഡി) പുതിയതായി ഏതെല്ലാം ഹാർബറുകളുടെ പ്രവർത്തനമാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ഡി) പുതുതായി മഞ്ചേശ്വരം, ചെറുവത്തൂർ, വെള്ളയിൽ, പരപ്പനങ്ങാടി താനൂർ, ചേറ്റുവ, ചിലക്കൂർ, വലിയതുറ, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ചേത്തി, ചെല്ലാനം, അർത്തുങ്കൽ എന്നീ മത്സ്യബന്ധനതുറമുഖങ്ങളുടെ രണ്ടാം ഘട്ട വികസനവുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 252 | 3-3-2009- ൽ മറുപടിക്ക്

### കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ നടപടി

**ചോദ്യം**

പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :

(എ) 2008 - ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളും കെട്ടിടങ്ങളോട് ചേർന്നുള്ള നിർമ്മിതികളും ക്രമവൽക്കരിക്കപ്പെടുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ അവയുടെ പ്ലാൻ സമർപ്പിച്ച് അംഗീകാരം നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ;

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും വകുപ്പ് മന്ത്രി)

(എ) 2008 - ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്ന പേരിൽ ചട്ടങ്ങൾ നിലവിലില്ലാത്തതാണ്. 1984 - ലെ കേരള ബിൽഡിംഗ് റൂൾസ് പരിഷ്കരിച്ച 1999 - ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളത്. 6-6-2007 - ലെ ജി. ഒ. (എം. എസ്) നം. 150/07/തസ്വഭവ പ്രകാരം സർക്കാർ സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഉണ്ടായ അവ്യക്തതകൾ പരിഹരിക്കുന്നതി

നായി സർക്കാർ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം 20 പ്രകാരം അംഗീകാരം ഇല്ലാതെയോ പെർമിറ്റ് നൽകിയ പ്ലാനിൽ നിന്നും വ്യതിചലിച്ചോ നടത്തിയിട്ടുള്ള ഭൂവികസനങ്ങളും നിർമ്മാണങ്ങളും ക്രമവൽക്കരിക്കുന്നതിനുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ടങ്ങൾ പ്രകാരമോ, കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരമോ ലംഘനമില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കാൻ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ ചട്ടം 143 പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് അധികാരമുണ്ട്. ചട്ടം 144 പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദിഷ്ട അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ **Site Plan, Elevation, Building Plan, Service Plan,** തുടങ്ങി ബിൽഡിംഗ് പെർമിറ്റിന് ആവശ്യമുള്ള എല്ലാ വിവരങ്ങളും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| | | | അംഗീകൃത പ്ലാനിൽ നിന്നുള്ള വ്യതിയാനം ആണ് ക്രമവൽക്കരണത്തിന് ഉദ്ദേശിക്കുന്നതെങ്കിൽ അംഗീകൃത പ്ലാനിന്റെ പകർപ്പും സമർപ്പിക്കേണ്ടതാണ്. ഒരു പുതിയ കെട്ടിടത്തിന്റെ അപേക്ഷയുടെ കാര്യത്തിലെന്നപോലെയുള്ള നടപടികൾ തന്നെയാണ് ക്രമവൽക്കരണത്തിനും അവലംബിക്കേണ്ടത്. മറ്റ് നിയമവിരുദ്ധമായ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് നിലവിൽ നിയമ വ്യവസ്ഥയില്ല. |
| (ബി) | എങ്കിൽ ഇത് ജനങ്ങൾക്ക് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ഇടനൽകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (ബി) | പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ചട്ടങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | 1999 - ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ പഞ്ചായത്തുകളിലും ബാധകമാക്കിയതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിനായി 25/7/2007 -ൽ 24136 (1)/ആർ.എ.1/ 07/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ |

ഇത് സംബന്ധിച്ച് സംശയനിവാരണം വരുത്തുന്നതിനായി നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും എല്ലാ ബുധനാഴ്ചയും രാവിലെ 10.30 മുതൽ വൈകുന്നേരം 4.30 വരെ **Help desk** തുറന്നു പ്രവർത്തിക്കുന്നു. ഇതിന് പുറമേ 26/11/2007 - ലെ 70363/RD2/07/ LSGD നമ്പർ സർക്കുലർ, 03/1/2008 - ലെ 74169/RD.2/07/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാരിന്റെയോ, പഞ്ചായത്തിന്റെയോ ഭവന നിർമ്മാണ സ്കീമുകൾ അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് ഭവന വായ്പ ലഭിച്ചവർക്കും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കൈവശാവകാശ രേഖയുള്ള പക്ഷം അവ പരിഗണിച്ച് 60 ച. മീറ്ററിൽ താഴെ പ്ലിന്ത് ഏരിയായുള്ള വീട് നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 253 | 03/03/2009 -ൽ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനഃസംഘടന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ; | (എ) ഗവൺമെൻറിൻെറ പരിഗണനയിലാണ്. |
| (ബി) കോർപ്പറേഷനുകളുടെ സമീപത്തുള്ളതും നഗര സമാനവുമായിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾകൂടി കോർപ്പറേഷനിൽ ലയിപ്പിക്കാൻ നടപടി എടുക്കുമോ;<br><br>(സി) മുമ്പ് മുനിസിപ്പാലിറ്റിയാക്കുകയും പിന്നീട് ഗ്രാമ പഞ്ചായത്താക്കി മാറ്റുകയും ചെയ്ത പഞ്ചായത്തുകൾ വീണ്ടും മുനിസിപ്പാലിറ്റിയാക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(ഡി) ഭൂമിശാസ്ത്രപരമായും ജനസംഖ്യാനുപാതികമായും ഗ്രാമ, ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെയും വാർഡുകൾ പുനഃക്രമീകരിക്കാൻ നടപടിയെടുക്കുമോ;<br><br>(ഇ) ഇതു സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുമോ? | (ബി), (സി), (ഡി), & (ഇ) ഭൂമിശാസ്ത്രപരമായും ജനസംഖ്യാപരമായും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പറ്റി വിശകലനം ചെയ്ത് ഒരു സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടിച്ചേർക്കലുകൾ, വിഭജനം തുടങ്ങിയവ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 254 — 03-03-2009-ലെ മറുപടിയ്ക്ക്

## വീട്ടുകരത്തിലുണ്ടായ വർദ്ധന പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) വീടുകളുടെ കരം ഈടാക്കുന്നതിനായി എന്തെങ്കിലും പൊതു മാനദണ്ഡം നിലവിൽ ഉണ്ടോ; എങ്കിൽ അത് എന്താണെന്ന് വിവരിക്കുമോ; | (എ) ഉണ്ട്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലും, സ്ഥിതി ചെയ്യുന്ന സ്ഥലം, ഉപയോഗരീതി, നിർമ്മാണത്തിന്റെ തരം മറ്റ് നിർണ്ണയിക്കപ്പെട്ട ഘടകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുമാണ് നികുതി നിശ്ചയിക്കുന്നത്. |
| (ബി) വീട്ടുകരം പുതുക്കിക്കൊണ്ട് എന്തെങ്കിലും ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) 23/6/2007-ലെ ജി.ഒ.(എം.എസ്) നം.166/07/തസ്വഭവ ഉത്തരവ് പ്രകാരം 01/04/2008 മുതൽ പ്രാബല്യം നൽകിക്കൊണ്ട് വീട്ടുകരം പരിഷ്കരിച്ചിട്ടുണ്ട്. |
| (സി) വീട്ടുകരം ക്രമാതീതമായി വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് വിശദമാക്കാമോ? | (സി) വീട്ടാവശ്യത്തിനുള്ള കെട്ടിടങ്ങൾ, വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങൾ, കച്ചവടാവശ്യത്തിനും മറ്റാവശ്യത്തിനുമുള്ള കെട്ടിടങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചു ഗ്രാമ പഞ്ചായത്തുകളെയും, മുനിസിപ്പൽ, കോർപ്പറേഷൻ ഏരിയാകളെയും മൂന്നായി കണക്കിലെടുത്തു ചതുരശ്ര മീറ്ററിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. കെട്ടിടം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, ഗതാഗതസൗകര്യം, നാഗരികവളർച്ച എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലകളായി തിരിക്കുന്നതിനും കെട്ടിടങ്ങളുടെ വിസ്തീർണം.മേൽ |

ഫിനിഷിംഗ്, ചുമരിന്റെ തരം, ഉപയോഗത്തിന്റെ രീതി എന്നിവ കണക്കിലെടുത്തു നികുതി നിർണ്ണയിക്കുന്നതിനും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവ അവലംബിച്ചു കെട്ടിട ഉടമയ്ക്കു തന്നെ നികുതി നിർണയിക്കാൻ കഴിയുന്നു. ഈ സുതാര്യ പ്രക്രിയ നിലവിൽ വരുമ്പോൾ കരനിർണ്ണയം സ്വയം പരിശോധിക്കാവുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കും. അതുകൊണ്ടുതന്നെ ബുദ്ധിമുട്ട് മിക്കവാറും ഒഴിവാക്കപ്പെടും. ഈ സമ്പ്രദായത്തിൽ നികുതി പുനർ നിർണയം നടത്തുമ്പോൾ ഭീമമായ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. നികുതി നിർണ്ണയത്തിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിനു വ്യവസ്ഥയുണ്ട്. 1993-ൽ നിലവിൽ വന്ന നികുതിയാണ് 01/04/2008 മുതൽ പരിഷ്കരിച്ചിട്ടുള്ളത്. ഈ പരിഷ്കരണം ക്രമാതീതമാണെന്നു കരുതുന്നില്ല.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 255

3.3.2009-ൽ മറുപടിയ്ക്ക്

**കേന്ദ്ര ഗവൺമെന്റ് പാക്കേജ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അടൂർ പ്രകാശ്:<br>ശ്രീ. ജി.കാർത്തികേയൻ:<br>ശ്രീ. കെ.സുധാകരൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ, നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം എന്നീയിനങ്ങളിൽ എത്ര തുക അനുവദിച്ചു; | എ). കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിന് 54 കോടി രൂപയുടെ പദ്ധതിയും കൊച്ചി നഗരത്തിന് 71 കോടി രൂപയുടെ പദ്ധതിയും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സബ് കംപോണന്റായ അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (യു.ഐ.ഡി.എസ്.എസ്.എം.ടി.) എന്ന കേന്ദ്ര പദ്ധതിയിൽ സ്പെഷ്യൽ പാക്കേജ് പ്രകാരം 82.92 കോടി രൂപ ഒന്നാം ഗഡു കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ 39.55 കോടി രൂപയുടെ ബി.എസ്.യു.പി. പ്രോജക്റ്റിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. 31.17 കോടി രൂപയാണ് ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം. ബാക്കി തുകയിൽ 2.63 കോടി രൂപ സംസ്ഥാന വിഹിതവും 3.22 കോടി രൂപ നഗരസഭാ വിഹിതവും 2.52 കോടി രൂപ ഗുണഭോക്തൃ വിഹിതവുമാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന, നാഷണൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം എന്നീയിനങ്ങളിൽ പ്രത്യേക തുക അനുവദിച്ചിട്ടില്ല. |
| ബി. ഈ തുക എത്ര കാലത്തിനുള്ളിലാണ് ചെലവഴിക്കേണ്ടത്; | ബി. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം ബസ് സർവ്വീസ് നടത്തുന്നതിന് അനുവദിച്ച തുക 2009 ജൂൺ മാസത്തിനുള്ളിൽ ചെലവഴിക്കേണ്ടതാണ്. 2011-12 വരെയാണ് യു.ഐ.ഡി.എസ്.എസ്.എം.ടി.-യുടെ കാലാവധി. യു.ഐ.ഡി.എസ്.എസ്.എം.ടി.-യിൻ കീഴിൽ ഉൾപ്പെട്ട ഓരോ പദ്ധതിയുടേയും വിശദ പദ്ധതി റിപ്പോർട്ടിൽ അനുശാസിക്കുന്ന പദ്ധതി കാലയളവിനുള്ളിൽ തന്നെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക ചെലവഴിക്കേണ്ടതാണ്. ബി.എസ്.യു.പി. പദ്ധതിയിൻകീഴിൽ അനുവദിച്ച പാക്കേജിനെ സംബന്ധിച്ചടത്തോളം 2009 മാർച്ച് മാസം മുതൽ ഒന്നര വർഷമാണ് പദ്ധതിയുടെ കാലാവധിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇതിനുള്ളിൽ പദ്ധതി തുക വിനിയോഗിക്കേണ്ടതാണ്. |

— — — —

| | | | |
|---|---|---|---|
| സി. | ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും സ്കീം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | സി. | ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം ബസ് സർവ്വീസ് നടത്തുന്നതിന് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതാണ്. ഇതിനായി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. ബി.എസ്.യു.പി. പദ്ധതി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തിരുവനന്തപുരം നഗരസഭ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചാണ് പദ്ധതി അംഗീകാരം നേടിയിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പദ്ധതി പ്രകാരം 25.88 കോടി രൂപ ഭവന നിർമ്മാണത്തിനും 13.67 കോടി രൂപ ചേരികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമാണ്. യു.ഐ.ഡി.എസ്.എസ്.എം.ടി.-യിൻ കീഴിൽ അനുവദനീയമായ പദ്ധതികളുടെ വിശദ പദ്ധതി റിപ്പോർട്ടിനെ ആസ്പദമാക്കി, സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിക്കുന്ന പദ്ധതി തുകയുടെ 80% കേന്ദ്ര ഗ്രാന്റായും 10% സംസ്ഥാന ഗ്രാന്റായും രണ്ടു ഗഡുക്കളിലായി നൽകുന്നു. ബാക്കി 10% തുക നഗരസഭ കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.256 3.3.2009 -ൽ മറുപടിക്ക്

## നഗര വികസനത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. രാജു എബ്രഹാം | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | തലസ്ഥാന നഗര മേഖലയ്ക്ക് രണ്ടാം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | 23.04.1993ൽ തിരുവനന്തപുരത്തിന്റെ രണ്ടാമത്തെ മാസ്റ്റർ പ്ലാൻ തിരുവനന്തപുരം നഗര വികസന അതോറിറ്റി(ട്രിഡ) പ്രസിദ്ധീകരിച്ചു. വികസന അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന പ്രദേശമായിരുന്നു ഈ പ്ലാനിന്റെ ഏരിയ. എന്നാൽ തുടർന്നുള്ള കാലയളവിൽ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പ്രദേശങ്ങൾക്കുണ്ടായ മാറ്റങ്ങൾ, വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളിലും, ആസൂത്രണ പ്രക്രിയയിലുമുണ്ടായ മാറ്റങ്ങൾ എന്നിവ മൂലം പ്രസ്തുത പ്ലാൻ അന്തിമമാക്കാൻ സാധിച്ചില്ല. തുടർന്ന് പുതിയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലേയ്ക്കായി വകുപ്പ്തലത്തിൽ തലസ്ഥാന നഗരമേഖലയുടെ ഭൂവിനിയോഗ സർവ്വേ, വാസപ്രദേശ പഠനങ്ങൾ എന്നിവ നടത്തുകയുണ്ടായി.<br>മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധി കളുടേയും വിവിധ |

| | | | |
|---|---|---|---|
| | | | വകുപ്പുകളുടേയും റസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങി വിവിധ സംഘടനകളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന് ''വിഷൻ 2030'' എന്ന പേരിൽ 2009 ജനുവരി 28,29 തീയതികളിൽ ഒരു സെമിനാർ ട്രിഡ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ട്രിഡ സംഘടിപ്പിച്ച സെമിനാറിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ലഭിച്ചത്; | (ബി) | നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | നഗരവികസന പദ്ധതിയുടെ ഭാഗമായി സമീപ പ്രദേശങ്ങളെ സാറ്റലൈറ്റ് ടൗൺഷിപ്പുകളാക്കി വികസിപ്പിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ ; | (സി) | പരിഗണിക്കുന്നതാണ് |
| (ഡി) | മാസ്റ്റർ പ്ലാൻ എന്ന് തയ്യാറാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ? | (ഡി) | തലസ്ഥാന നഗര മേഖലയ്ക്ക് രണ്ടാം മാസ്റ്റർപ്ലാൻ 2010 ൽ തന്നെ തയ്യാറാക്കണമെന്നാണ് സെമിനാറിൽ വന്ന ഒരു പ്രധാന നിർദ്ദേശം. ആയത് സർക്കാർ പരിശോധിച്ചു തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. 'ന്യൂ ബോംബെ' മാതൃകയിൽ വട്ടിയൂർക്കാവ്-നെട്ടയം -നെടുമങ്ങാട് മേഖലയിൽ ഒരു പുതിയ ടൗൺഷിപ്പ് രൂപീകരിക്കുക.

2. സമൂഹത്തിലെ പാവപ്പെട്ടവർക്ക് സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി ഭവന പദ്ധതി ആവിഷ്കരിക്കുക.

3. തലസ്ഥാന മേഖലയെ ഒരു സമ്പത്തുത്പാദന കേന്ദ്രമാക്കുക.

4. തലസ്ഥാന മേഖലയെ ഒരു വിജ്ഞാന കേന്ദ്രമായി വികസിപ്പിക്കുക.

5. വാഹന പാർക്കിംഗിനായി പ്രോജക്ടുകൾ ഉൾപ്പെടുത്തുക.

6. വേളിക്ക് സമീപം പുതിയ ബസ് ടെർമിനൽ സ്ഥാപിക്കുക.

7. ഔട്ടർ റിംഗ് റോഡുകൾ നിർമ്മിക്കുക.

8. ഫ്ളൈ ഓവറുകളും അണ്ടർ പാസുകളും ഉൾപ്പെടുത്തുക.

9. കടലോര പ്രദേശങ്ങളുടെ വികസനം ഊന്നൽ നൽകുക.

10. തലസ്ഥാനത്തെ ഒരു സ്പോർട്ട്സ് സിറ്റിയായി വികസിപ്പിക്കുക.

11. തിരുവനന്തപുരത്തെ ചരിത്രപ്രാധാന്യവും പുരാവസ്തു പ്രാധാന്യവുമുള്ള കെട്ടിടങ്ങളെ സംരക്ഷിക്കുവാൻ പദ്ധതി ഉൾപ്പെടുത്തുക.

12. ഭൂവിനിയോഗത്തിനായി കർശനമായ മാർഗ്ഗരേഖകൾ ഉൾപ്പെടുത്തുക.

13. ടൂറിസ പ്രാധാന്യമുള്ള സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.

14. ട്രിഡയുടെ പരിധി കൂടാതെ സമീപ മുനിസിപ്പാലിറ്റികളായ ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, വർക്കല എന്നീ പ്രദേശങ്ങൾ കൂടി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുക.

15. ഡെൽഹി മെട്രോ റെയിൽ മാതൃകയിൽ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ഏർപ്പെടുത്തുക

16. വാട്ടർ സപ്ളൈ ട്രീറ്റ്മെന്റ് സംവിധാനവും സീവേജ് സംവിധാനവും വികേന്ദ്രീകരിക്കുക.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 267

3.03.09 ൽ മറുപടിയ്ക്ക്.

## ന്യൂനപക്ഷ പദ്ധതികൾ

**ചോദ്യം**

ശ്രീ. വർക്കല കഹാർ
" തേറമ്പിൽ രാമകൃഷ്ണൻ
" എ.പി അനിൽകുമാർ

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി.
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷങ്ങൾക്കു വേണ്ടി പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു; | (എ) | ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ചുള്ള പദ്ധതികൾ സാമൂഹ്യക്ഷേമം, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തദ്ദേശ സ്വയം ഭരണം, തൊഴിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ഉദ്യോഗസ്ഥ ഭരണ പരിഷ് ക്കാരം, ഭവന നിർമ്മാണം, റവന്യൂ, ആഭ്യന്തരം, മത്സ്യബന്ധനം എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടേറിയററിൽ പൊതു ഭരണ വകുപ്പിൻെറ കീഴിൽ ന്യൂനപക്ഷസെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സെൽ ഘട്ടം ഘട്ടമായി വിപുലീകരിച്ച് സെക്രട്ടേറിയററിൽ ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമത്തിനുള്ള പ്രധാനമന്ത്രി |

| | | | |
|---|---|---|---|
| | | | യുടെ പുതിയ പതിനഞ്ചിന പരിപാടിക<br>ളുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി<br>ചെയർമാനായ സംസ്ഥാനതല<br>കമ്മിററിയും, ജില്ലാ കളക്ടർ ചെയർമാനായ<br>ജില്ലാതല കമ്മിററികളും രൂപീകരിച്ചിട്ടുണ്ട്.<br>ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായ<br>വയനാടിൻെറ വികസനപ്രവർത്തന<br>ങ്ങൾക്കായുള്ള പ്രൊപ്പോസൽ<br>തയ്യാറാക്കിയിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ<br>ധനകാര്യ വികസന കോർപ്പറേഷൻെറ<br>സഹായത്തോടെ മത്സ്യഫെഡ്, വനിതാ<br>വികസന കോർപ്പറേഷൻ, പിന്നോക്ക<br>വിഭാഗ വികസന കോർപ്പറേഷൻ എന്നീ<br>സ്ഥാപനങ്ങൾ വിവിധതരം വായ്പാപദ്ധതി<br>കൾ നടത്തുന്നുണ്ട്. ജില്ലാതല<br>ത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തന<br>ങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ<br>കളക്ടറേററുകളിലും ഡെപ്യൂട്ടി കളക്ടറുടെ<br>(ജനറൽ) കീഴിൽ ഓരോ ക്ളർക്ക്<br>തസ്തിക വീതം സൃഷ്ടിച്ച് സർക്കാർ<br>ഉത്തരവായിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗ<br>ത്തിൽപ്പെട്ട മുസ്ലീം പെൺകുട്ടികൾക്ക്<br>സ്കോളർഷിപ്പ്/ സ്റ്റൈപ്പൻറ് എന്നിവ<br>അനുവദിക്കുന്നതിനും ഹ്രസ്വകാല<br>പരിശീലന പരിപാടികൾ സംഘടിപ്പി<br>ക്കുന്നതിനുമായി അഞ്ച് പരിശീലന<br>കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും<br>നടപടികളെടുക്കുന്നതിനും കോളേജ്<br>വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒരു<br>സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടു |

| | | | |
|---|---|---|---|
| | | | ത്തിയിട്ടുണ്ട്. ദഖ്നി, കച്ചി മെമൻ എന്നീ വിഭാഗങ്ങളെ സംവരണവിഭാഗത്തിൽ ചേർക്കുന്നതിനുള്ള നടപടികൾ കൈ ക്കൊള്ളാൻ പിന്നോക്ക വിഭാഗ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 10 വർഷം സർവ്വീസുള്ള മദ്രസ അദ്ധ്യാപകർക്ക് 65 വയസ്സിനുശേഷം ക്ഷേമനിധി പെൻഷൻ നൽകുന്നതിനുള്ള തീരുമാനവും ആയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, സ്വർണ്ണ ജയ ന്തി ഗ്രാമ റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, എന്നീ പദ്ധതികളുടെ ഭൗതിക ലക്ഷ്യത്തിൻെറയും സാമ്പത്തിക ലക്ഷ്യത്തിൻെറയും, 15%, ന്യൂനപക്ഷ ങ്ങൾക്കായി നീക്കിവയ്ക്കുന്നുണ്ട്. |
| (ബി) | ഈ പദ്ധതികൾ നടപ്പാ ക്കുന്നതിന് ഈ സർക്കാർ അധികാര ത്തിൽ വന്ന ശേഷം ഇതുവരെ എത്ര തുക കിട്ടിയെന്നും അതിൽ എത്ര തുക നാളിതു വരെ വിനിയോഗിക്കുവാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ; | (ബി) | പ്രധാനമന്ത്രിയുടെ പുതുക്കിയ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള സ്കോളർ ഷിപ്പു പദ്ധതി പ്രകാരം 2008-09 വർഷ ത്തിൽ ആരംഭിച്ച പ്രീ മെട്രിക്ക് സ്കോളർ ഷിപ്പിന് കേന്ദ്ര സർക്കാർ 4,40,70,000 രൂപ അനുവദിച്ചിട്ടുണ്ട്. മെരിററ് കം മീൻസ് സ്കോളർഷിപ്പിന് 2007-08 വർഷത്തിൽ 3,96,85,717 രൂപ അനുവദിച്ചതിൽ 3,93,25,919 രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 വർഷ ത്തിൽ ഈ പദ്ധതിക്കായി 4,44,71,202 രൂപ അനുവദിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പിനത്തിൽ 2007-08ൽ |

| | | | |
|---|---|---|---|
| | | | അനുവദിച്ച 83,59,310 രൂപയിൽ 76,46,246 രൂപ ചെലവഴിച്ചുകഴിഞ്ഞു. 2008-09 ൽ ഈ പദ്ധതിക്കായി 2,42,03,774 രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും മത്സ്യഫെഡിനുലഭിച്ച 1250 ലക്ഷം രൂപ മുഴുവനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനു ലഭിച്ച 675 ലക്ഷം രൂപയിൽ 584.12 ലക്ഷം രൂപ ചെലവായി. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനു ലഭിച്ച 80.50 കോടി രൂപ മുഴുവനും ചെലവഴിച്ചുകഴിഞ്ഞു. 07-08 വർഷത്തിൽ പദ്ധതി നിർത്തൽ ചെയ്യുന്നതുവരെ സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയനുസരിച്ച് 916.67 ലക്ഷം രൂപയും സ്വർണ്ണ ജയന്തി ഗ്രാമറോസ് ഗാർ യോജന പ്രകാരം 06-07, 07-08, 08-09 വർഷങ്ങളിൽ ആകെ 1290.79 ലക്ഷം രൂപയും ഇന്ദിര ആവാസ് യോജന പദ്ധതിയിൻ കീഴിൽ 07-08, 08-09 വർഷങ്ങളിൽ ആകെ 2872.19 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾക്കായി പ്രത്യേക തുക കേന്ദ്രം നല്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിന് വേണ്ടി ലഭിച്ച തുക മുഴുവൻ ചെലവിടുവാൻ കഴിയാതെ വന്നത് എന്തു കൊണ്ടെന്നും പറയുമോ? | | ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി സ്കോളർ ഷിപ്പിനത്തിൽ കോഴ്സ് പൂർത്തിയാക്കാതെ പോയവർക്ക് തുക നൽകാൻ കഴിയാത്തതും അംഗീകാരമില്ലാത്ത സ്ഥാപനമായി പിന്നീടു കണ്ടെത്തിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികയിൽപ്പെട്ട ചിലർക്ക് സ്കോളർഷിപ്പ് നൽകാൻ കഴിയാത്തതും ആയ കാരണങ്ങളാൽ, നീക്കിവെയ്ക്കപ്പെട്ട തുകയുടെ ഒരു ചെറിയ ഭാഗം ചിലവഴിയ്ക്കാതെ പോയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.7258 — 03.03.09 ൽ മറുപടിയ്ക്ക്.

### സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭിച്ച സ്കോളർഷിപ്പുകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി
" പി.കെ.അബ്ദുറബ്ബ്
" വി.കെ.ഇബ്രാഹിം കുഞ്ഞ്
" എം. ഉമ്മർ

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയം ഭരണവും
ഗ്രാമവികസനവും വകുപ്പു മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സച്ചാർ കമ്മിററി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ, ഗ്രാൻറുകൾ, സ്കോളർഷിപ്പുകൾ, മററു ആനുകൂല്യങ്ങൾ എന്നിവയിൽ കേരളത്തിന് ലഭിക്കാവുന്നവ ഏതെല്ലാം; | (എ) | സച്ചാർ കമ്മിററി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പദ്ധതികൾ, ഗ്രാൻറുകൾ, സ്കോളർഷിപ്പുകൾ, മററു ആനുകൂല്യങ്ങൾ എന്നിവ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഈ വിഭാഗത്തിൽ ഇതുവരെ ഏതെല്ലാം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്; | (ബി) | ആനുകൂല്യങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. |
| (സി) | സച്ചാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സ്കോളർഷിപ്പുകൾ ഏതെല്ലാം; | (സി) | സച്ചാർ കമ്മീഷന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ഒന്നും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എന്നാൽ സച്ചാർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുസ്ലീങ്ങളുടെ പിന്നോ |

| | | | |
|---|---|---|---|
| | | | ക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പാലൊളി കമ്മിററിയുടെ ശുപാർശയനുസരിച്ച് ബിരുദ/ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സു കൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് പ്രതിവർഷം യഥാക്രമം 3,000, 4,000, 5,000 രൂപ നിരക്കിൽ മൊത്തം 5,000 സ്കോളർഷിപ്പുകൾ നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അവയിൽ എത്രയെണ്ണം വീതം കേരളത്തിന് ലഭിച്ചു; | (ഡി) | ബാധകമല്ല. |
| (ഇ) | ലഭിച്ച സ്കോളർഷിപ്പുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദമായ കണക്ക് ലഭ്യമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.259 3-3-2009-ന് മറുപടിക്ക്

ജവഹർലാൽ നാഷണൽ അർബൻ റിന്യൂവൽ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.കെ.സി.വേണുഗോപാൽ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ജവഹർലാൽ നാഷണൽ അർബൻ റിന്യൂവൽ മിഷൻ അനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളുമാണ് വികസിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ പദ്ധതിയുടെ ഭാഗമായ അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഗവേണൻസ് പദ്ധതിപ്രകാരം തിരുവനന്തപുരം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളാണ് വികസിപ്പിക്കുന്നത്.<br>ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതി, തിരുവനന്തപുരം, കൊച്ചി നഗരസഭകളിലും, സമഗ്ര ചേരിവികസനം ലക്ഷ്യമിടുന്ന സംയോജിത ഭവന നിർമ്മാണ ചേരിവികസന പരിപാടി (ഐ.എച്ച്.എസ്. ഡി.പി.) സംസ്ഥാനത്ത് 35 നഗരസഭകളിലുമാണ് നടപ്പാക്കുന്നത്.<br>അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ്സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് എന്ന പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന്, അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഗവേണൻസ് പദ്ധതിയിൻകീഴിൽ കൊച്ചി നഗരസഭയോടൊപ്പം പരിഗണിക്കുന്നതുപ്പുണിത്തുറ, കളമശ്ശേരി നഗരസഭകളൊഴിച്ചുള്ള 54 നഗരസഭകളും അർഹമാണ്. |

...... 2/

| | | | |
|---|---|---|---|
| ബി) | അവയുടെ വികസനാർത്ഥം ഈ പദ്ധതി **പ്രകാരം** സംസ്ഥാനത്തി**ന്** എന്ത് തുക കിട്ടി; | ബി) | ഈ പദ്ധതിപ്രകാരം അർബൻ ഇൻഫ്രാസ്ട്രക്ചറൽ ഗവേണൻസ് സ്കീമിൽ തിരുവനന്തപുരം, കൊ**ച്ചി നഗരസഭകളിൽ** നടപ്പിലാക്കുന്ന **വിവിധ പദ്ധതികളുടെ** കേന്ദ്ര സർക്കാർ അംഗീകരിച്ച അടങ്ക**ൽ** തുക 1005.61 കോടി രൂപയു**ടെ ആദ്യഗ**ഡുവായി 112.16 കോടി **രൂപ കേന്ദ്ര സർ**ക്കാർ സംസ്ഥാന സർക്കാരി**ന് അനുവദി**ച്ചിട്ടുണ്ട്.<br><br>ബി.എസ്.യു.പി.പ്രകാരം തിരുവനന്തപുരം, കൊച്ചി **നഗരസഭകളുടെ** 343.40 കോടി രൂപയുടെ പദ്ധതിയ**ാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്.** ഇതിൽ 233.55 കോടി രൂപ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 50.64 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി.പദ്ധതിപ്രകാരം 35 നഗരസഭകളിലായി ആകെ 188.22 കോടി രൂപയുടെ പദ്ധതികളാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 145.88 കോടി രൂപ കേന്ദ്ര വിഹിതമാണ്. **പദ്ധ**തിയുടെ ആദ്യ ഗഡുവായി 61.29 കോ**ടി** രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.<br><br>നഗര-ഗ്രാമാസൂത്രണ വകുപ്പ് നടപ്പാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതിയിൽ 2006-07, 2007-08 കാലയളവുവരെ ആകെ 425.79 കോടി രൂപയുടെ പദ്ധതികൾ അംഗീകരിക്കുകയും പദ്ധതികളുടെ ഒന്നാം **ഗഡു**വായി 173.40 കോടി രൂപയുടെ **കേന്ദ്ര** സഹായം അനുവദിക്കുകയും **ചെയ്തു.** ഇതു കൂടാതെ 55.45 കോടി **രൂപയുടെ** 10 പദ്ധതികൾക്ക് 2008-09 ൽ **സംസ്ഥാ**നതല സാങ്ഷനിംഗ് കമ്മി**റ്റിയുടെ** സാങ്കേതികാംഗീകാരം ലഭി**ച്ചിട്ടുണ്ട്** |

3/

| | | | |
|---|---|---|---|
| സി) | **ഓരോ വർഷ**വും ഇതിൽ നിന്നും **എത്ര തുക വീത**മാണ് ചെലവഴിക്കേണ്ടിയിരുന്നത്; | സി) | പ്രസ്തുത തുക **പദ്ധതി കാലയളവിനു**ള്ളിൽ ചെലവഴിക്കേണ്ടതാണ്. |
| ഡി) | **പ്രസ്തുത തുക ചെലവ**ഴിക്കാൻ കഴിയാത്തപക്ഷം എന്തെങ്കിലും പിഴയോ മറ്റെന്തെങ്കിലും പേയ്മെന്റോ ഒടുക്കേണ്ടതുണ്ടോ; | ഡി) | ഇല്ല. |
| ഇ) | എങ്കിൽ വിശദാംശം നൽകുമോ; | ഇ) | ബാധകമല്ല |
| എഫ്) | നിർദ്ദിഷ്ട തുക ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ ഫലമായി ഇതുവരെ എന്തു തുക പിഴയായോ മറ്റ് പേയ്മെന്റായോ കൊടുക്കേണ്ടതായി വന്നു എന്നു പറയുമോ? | എഫ്) | ബാധകമല്ല. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 260      03-03-2009-ലെ മറുപടിയ്ക്ക്

### തലസ്ഥാനത്തെ പാർക്കിംഗ് സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എ.എം.യൂസഫ് | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | പ്രധാന റോഡുകളിൽ പാർക്കിംഗ് തടയണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | പ്രധാന റോഡുകളിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾ പിടിക്കുന്നതിനും, തിരികെ നൽകുമ്പോൾ കനത്ത പിഴ ഈടാക്കുവാനും, ഡ്രൈവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാനും എല്ലാ പോലീസ് ഓഫീസർമാർക്കും പോലീസ് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള പാർക്കിംഗ് ഏരിയകൾ പ്രത്യേകം തിരിച്ചറിയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതും 2009 മാർച്ച് 8 മുതൽ 14 വരെ **"Parking area clearness week"** ആയി ആചരിക്കുന്നതുമാണ്. |
| (ബി) | ഹൈവേകളിലും പ്രധാന റോഡുകളിലും പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രായോഗികത പരിഗണിച്ച് പാർക്കിംഗ് സൗകര്യം കൂടി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ട്. |
| (സി) | ബഹുനില പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | അതാതു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | തലസ്ഥാനത്തെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ഡി) | തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള മാസ്റ്റർ പ്ലാനിൽ പാർക്ക് ആന്റ് ഓപ്പൺ സ്പെയ്സ് ആയി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ അതേപടി റഗുലേറ്റ് ചെയ്തു വരുന്നുണ്ട്. നഗരത്തിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് പ്രധാനകേന്ദ്രങ്ങളിൽ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പാർക്കിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 261 — 03.03.2009-ൽ മറുപടിക്ക്

**അന്യസംസ്ഥാനത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ജോസഫ് എം. പുതുശ്ശേരി**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ശ്രീ. തോമസ് ചാഴികാടൻ** | | **ശ്രീ. പി.കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തുള്ള അന്യസംസ്ഥാനത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ)<br>&<br>(ബി) | ഇല്ല. |
| (ബി) പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) കേരളത്തിലും സുരക്ഷാഭീഷണി ഉണ്ടെന്നുള്ളത് കണക്കിലെടുത്ത് അന്യസംസ്ഥാനത്തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ നൽകുന്ന നടപടി ഊർജ്ജിതപ്പെടുത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ? | (സി) | അന്യസംസ്ഥാനത്തൊഴിലാളികൾക്ക് തിരിച്ചറിയൽ രേഖ നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

**ചോദ്യം : 262**

03-03-2009-ൽ മറുപടിക്ക്

### വൈദ്യുതി ഓംബുഡ്സ്മാൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ. എസ്. ബിജി മോൾ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്ത് വൈദ്യുത ഓംബുഡ്സ്മാൻ സംവിധാനം നിലവിലുണ്ടോ; ഇതിൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ. ഉണ്ട്. വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ തീർക്കാനായി കേരളാ ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചിട്ടുള്ള പരാതി പരിഹാര ഫോറങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ ഉപഭോക്താവിന് സ്വീകാര്യമല്ലാത്ത പക്ഷം അപ്പീൽ നല്കുന്നതിനും രണ്ട് പേരുടെയും അഭിപ്രായം കേട്ട് സ്വതന്ത്രമായ അന്തിമ തീരുമാനമെടുക്കാനുമാണ് ഓംബുഡ്സ്മാനെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിയമിച്ചിട്ടുള്ളത്. **ഈ സേവനം** തികച്ചും സൗജന്യമാണ്. |
| ബി. വൈദ്യുത ഓംബുഡ്സ്മാൻ പരാതികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും ഉപാധികളുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | ബി. താഴെ പറയുന്ന നിബന്ധനകൾക്കു **വിധേയമാ**യാണ് ഓംബുഡ്സ്മാൻ പരാതി**കൾ സ്വീകരിക്കുന്ന**ത്.<br>1) നിശ്ചിത ഫോറത്തിൽ എഴുതി നൽകുന്ന **പരാതി**കൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.<br>2) പരാതി പരിഹാര ഫോറം നൽകിയ **തീരുമാന**ത്തിൽ നീതി ലഭിച്ചില്ല എന്ന ഉപഭോക്താവിൻെറ അപ്പീൽ പരാതി മാത്രമേ സ്വീകരിക്കൂ.<br>3) ഫോറത്തിൻെറ തീരുമാനത്തിൽ നീതി ലഭിച്ചില്ല എന്ന പരാതിയുണ്ടെങ്കിൽ ഫോറത്തിൻെറ **ഓർഡർ** ലഭിച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ **30** ദിവസത്തിനകം പരാതി ഓംബുഡ്സ്മാന് നൽകേണ്ടതാണ്. |

4) പരാതി മറ്റു കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ ആർബിട്രേറ്ററുടെയോ പരിഗണനയിലിരിക്കുകയാണെങ്കിലും മറ്റു കോടതികളോ ട്രൈബ്യൂണലുകളോ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്ത കേസുകളിലും ഓംബുഡ്സ്മാൻ പരാതികൾ സ്വീകരിക്കുന്നതല്ല.

(സി) ഏതെല്ലാം തരത്തിലുള്ള പരാതിക സി. ളിലാണ് ഓംബുഡ്സ്മാൻ തീർപ്പ് കല്പിക്കുന്നതെന്ന് വിശദമാക്കുമോ ?

വൈദ്യുതി ഉപഭോക്താക്കളുടെ എല്ലാ രീതിയിലുള്ള പരാതികളിൽ മേലും കൺസ്യൂമർ ഗ്രിവൻസ് റിഡ്രസ്സൽ ഫോറം എടുത്ത തീരുമാനങ്ങൾക്ക് എതിരെ ഓംബുഡ്സ്മാന് പരാതി നൽകാവുന്നതാണ്. എന്നാൽ ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 126 പ്രകാരമുള്ള അനധികൃത ലോഡുകൾ കണക്റ്റ് ചെയ്യുക സെക്ഷൻ 135 അനുസരിച്ചുള്ള വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സെക്ഷൻ 161 പ്രകാരമുള്ള അപകടം സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കൺസ്യൂമർ റിഡ്രസ്സൽ ഫോറത്തിന് സ്വീകരിക്കാൻ പാടില്ലാത്തതുകൊണ്ട് അതു സംബന്ധിച്ച അപ്പീൽ ഓംബുഡ്സ്മാന് സ്വീകരിക്കേണ്ടി വരുന്നില്ല.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.263** — **3.3.2009 -ൽ മറുപടിക്ക്**

**ലീസ് ലാൻഡ് ഫാമിംഗ് പദ്ധതിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ജോർജ് എം.തോമസ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ലീസ് ലാൻഡ് ഫാമിംഗ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | കുടുംബശ്രീ സംഘടനാ സംവിധാനത്തിലേയ്ക്ക് നടന്ന പൊതു തെരഞ്ഞെടുപ്പിനെ തുടർന്ന് സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സംസ്ഥാന തലത്തിൽ നടത്തിയ ക്യാമ്പയനിലൂടെ ലീസ് ലാന്റ് ഫാമിംഗിന്റെ പ്രവർത്തനം വിലയിരുത്തുകയും, ഭാവി പ്രവർത്തനത്തിന് ലക്ഷ്യം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതുവരെയായി വിവിധ ജില്ലകളിലായി 820 ഗ്രാമ പഞ്ചായത്തുകളിലെ 36,254 അയൽക്കൂട്ടങ്ങൾ മുഖേന 2,82,305 കുടുംബങ്ങൾക്ക് പ്രയോജനം നല്കുന്ന വിധത്തിൽ 25,426.264 ഹെക്ടർ ഭൂമിയിൽ ലീസ് ലാന്റ് ഫാമിംഗ് നടത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

— — — — — — — —

| | | | |
|---|---|---|---|
| (സി) | എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; | (സി) | 820 ഗ്രാമ പഞ്ചായത്തുകൾ |
| (ഡി) | ഈ പദ്ധതിക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്; | (ഡി) | ഏരിയ ഇൻസെന്റീവ്, പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ നല്കി പാട്ടകൃഷിയിൽ ഏർപ്പെടുന്നവരെ സഹായിച്ചു വരുന്നു. |
| (ഇ) | ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെടുത്തി കൂടുതൽ സഹായങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടന്നുവരുന്ന കാർഷിക പ്രവർത്തനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. പാട്ടകൃഷിക്കാവശ്യമായ തരിശുഭൂമി കണ്ടെത്തി ഭക്ഷ്യ ഉത്പാദനം വർദ്ധിപ്പിക്കുക, കൃഷിക്കാവശ്യമായ മൂലധനം, സാങ്കേതിക സഹായം, വിപണനം, വിളഇൻഷ്വറൻസ് എന്നിവ സ്വരൂപിക്കുന്നതിനും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനു വേണ്ട സഹായം നൽകുക എന്നതിനു പുറമേ ജില്ലാആസൂത്രണ സമിതി വിവിധ വകുപ്പുകളുടെ സഹായത്തോടു കൂടി ഭക്ഷ്യസുരക്ഷ പദ്ധതികളുടെ ഏകോപനവും കുടുംബശ്രീ വഴി സാധ്യമാക്കുന്നതിനുള്ള നടപടികളും ഇതിനകം എടുത്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം. | ജില്ല | ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | അയൽക്കൂട്ടങ്ങൾ (എണ്ണം) | കുടുംബങ്ങൾ (എണ്ണം) | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 73 | 2019 | 21159 | 1049.752 |
| 2 | കൊല്ലം | 69 | 699 | 2212 | 315.1 |
| 3 | പത്തനംതിട്ട | 38 | 2812 | 19244 | 1669.756 |
| 4 | ആലപ്പുഴ | 72 | 2434 | 20440 | 1293.084 |
| 5 | കോട്ടയം | 65 | 1357 | 8757 | 1384.988 |
| 6 | ഇടുക്കി | 49 | 9443 | 64727 | 4830.4 |
| 7 | എറണാകുളം | 52 | 3196 | 26850 | 5049.352 |
| 8 | തൃശൂർ | 32 | 510 | 4459 | 271.452 |
| 9 | പാലക്കാട് | 87 | 2369 | 17906 | 1968.18 |
| 10 | മലപ്പുറം | 72 | 3772 | 17262 | 2327.996 |
| 11 | കോഴിക്കോട് | 77 | 2090 | 13284 | 907.4 |
| 12 | വയനാട് | 25 | 1316 | 1814 | 2624.972 |
| 13 | കണ്ണൂർ | 70 | 2308 | 22365 | 1049.832 |
| 14 | കാസർഗോഡ് | 39 | 1929 | 11826 | 684 |
|  | ആകെ | **820** | **36254** | **252305** | **25426.264** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.264 — 3.3.2009 -ൽ മറുപടിക്ക്

## പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയിൽ കുടുംബശ്രീ പങ്കാളിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. കെ.പി.മോഹനൻ<br>ശ്രീ. എം.കെ.പ്രേംനാഥ്<br>ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയിൽ കുടുംബശ്രീ പങ്കാളിത്തത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) | പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയിൽ രണ്ടുതരത്തിലുള്ള സമീപനമാണ് കുടുംബശ്രീ സ്വീകരിച്ചിട്ടുള്ളത്. പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം സാധ്യമാക്കുക എന്നതാണ് ഒന്നാമത്തെ സമീപനം. പ്രാദേശികമായി ലഭ്യമായ മനുഷ്യ-പ്രകൃതി വിഭവങ്ങൾ വിലയിരുത്തി അതിനനുയോജ്യമായ തൊഴിൽ/സംരംഭങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. അയൽക്കൂട്ടതലം മുതൽ സി.ഡി.എസ് തലം വരെയുള്ള കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ തൊഴിൽ സാധ്യതകളും മനുഷ്യ വിഭവശേഷിയും വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംരംഭ വികസന പ്രക്രിയ ഓരോ ഗ്രാമപഞ്ചായത്തിലും ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. കണ്ണൂർ ജില്ലയിൽ ഏഴോം ഗ്രാമപഞ്ചായത്തിലും വയനാട് പനമരം ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിയിട്ടുള്ള സംരംഭ വികസന പ്രവർത്തനങ്ങൾ ഇതിന്റെ ഫലപ്രദമായ മാതൃകകളാണ്. |

\- - - - - - - - -

| | | | |
|---|---|---|---|
| | | | കൂടാതെ മലപ്പുറം, പെരിന്തൽമണ്ണ നഗരസഭകളിൽ അനുയോജ്യമായ തൊഴിൽ / സേവന സംരംഭങ്ങൾ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റേയും നഗരസഭാ അധികൃതരുടേയും സംയോജിത പരിശ്രമഫലമായി വിവിധ വാണിജ്യ/വ്യവസായ/സേവന മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ചിട്ടുണ്ട്. തൊഴിൽ സംരംഭ സാധ്യതാ രജിസ്റ്റർ ഇതിനനുസൃതമായി വികസിപ്പിക്കുകയും തൊഴിൽ ആവശ്യമായ വ്യക്തികളെ ഇതുമായി ബന്ധിപ്പിച്ച് സംരംഭവികസനത്തിന് തുടക്കമിടുകയും ചെയ്തിട്ടുണ്ട്. രണ്ടാമത്തെ സമീപനം ജില്ലകൾതോറും നടപ്പിലാക്കിവരുന്ന വിഭിന്ന സമഗ്ര പദ്ധതികളാണ്. ഓരോ പ്രദേശത്തേയും സാധ്യതകൾ കണക്കിലെടുത്ത് മുൻപിൻ ബന്ധങ്ങൾ ഉറപ്പുവരുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംരംഭങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയാണ് സമഗ്ര. |
| (ബി) | കുടുംബശ്രീ പങ്കാളിത്തത്തോടെ പ്രാദേശിക സാമ്പത്തിക വികസന രജിസ്റ്ററുകൾ തയ്യാറാക്കുന്ന പരിപാടിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ സജീവ പങ്കാളിത്തത്തോടെ 800 ഗ്രാമപഞ്ചായത്തുകളിൽ പ്രാദേശിക സാമ്പത്തിക വികസന രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ നഗരപ്രദേശങ്ങൾക്കനുയോജ്യമായ രീതിയിൽ ലൈവ്ലിഹുഡ് പ്രൊഫൈൽ എന്ന പദ്ധതി മലപ്പുറം, പെരിന്തൽമണ്ണ നഗരസഭകളിൽ ആരംഭിക്കുകയും മറ്റു നഗരസഭകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ശ്രമം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമാകുന്ന തരത്തിൽ ഏതെല്ലാം പുതിയ പരിപാടികളാണ് കുടുംബശ്രീ ഏറ്റെടുക്കു | (സി) | പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമാകുന്ന വിധത്തിൽ കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പരിപാടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്. |

| | | | |
|---|---|---|---|
| | വാൻ ഉദ്ദേശിക്കുന്നത് ? | | കളിൽ പ്രധാനപ്പെട്ടവ ഇവയാണ്.<br><br>1. അയൽക്കൂട്ടങ്ങൾ മുഖേന ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.<br><br>2. തൊഴിൽ അവസര ങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്ക് പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക, (ഉദാ:- പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന അഗ്രഹാരത്തിലെ വനിതകളുടെ ഉല്പന്നമായ കൊണ്ടാട്ട വികസന പദ്ധതി, കൊല്ലം ജില്ലയിലെ നെടുംപന പഞ്ചായത്തിലെ ഗാർമന്റ്സ് നിർമ്മാണ യൂണിറ്റ് കാസർഗോഡ് ജില്ലയിലെ 'സഫലം' - കശുവണ്ടി പദ്ധതി )<br><br>3. പ്രാദേശികമായി തൊഴിൽ തേടുന്നവരുടെ കഴിവും യോഗ്യതയും താൽപ്പര്യവും കണക്കിലെടുത്തും തൊഴിൽദായകരുടെ ആവശ്യങ്ങൾ കണക്കിലെടുത്തും അതത് ഗ്രാമപഞ്ചായത്തുകൾ/നഗരസഭ കൾ മുൻകൈയ്യെടുത്ത് നടപ്പാക്കുന്ന സമഗ്ര ഉപജീവന തൊഴിൽ വികസന പരിപാടി. മലപ്പുറം, പെരിന്തൽമണ്ണ നഗരസഭകളിൽ ഈ പദ്ധതി നടപ്പിലാക്കിത്തുടങ്ങുകയാണ്.<br><br>4. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി വിവിധ ഡസ്റ്റിനേഷനുകളിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ ഹോട്ടലുകളിൽ ലഭ്യമാക്കുന്നതിലേയ്ക്കുള്ള പരിപാടികളും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു. ഇതിനു പുറമെ, സമഗ്ര പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:265 3-3-2009 ൽ മറുപടിയ്ക്ക്

കേന്ദ്രാനുമതി ലഭിച്ച വൈദ്യുത പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ | | മറുപടി<br>**ശ്രീ. എ.കെ. ബാലൻ**<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേന്ദ്രാനുമതി ലഭിച്ചിട്ടും **നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാത്ത ജലവൈദ്യുത** പദ്ധതികൾ ഏതൊക്കെയാണ്;<br>(ബി) വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) | 1.ആതിരപ്പിള്ളി ജലവൈദ്യുത പദ്ധതി<br>സ്ഥാപിതശേഷി - 163 മെഗാവാട്ട്<br>വാർഷിക ഉൽപ്പാദനശേഷി - 233 ദശലക്ഷം യൂണിറ്റ്<br><br>**2. ചെങ്കുളം ഓഗ്മെന്റേഷൻ**<br>വാർഷിക ഉൽപ്പാദനശേഷി - 85 ദശലക്ഷം യൂണിറ്റ് |
| (സി) നിർമ്മാണ **പ്രവർത്തനങ്ങൾ തുടങ്ങാത്തതിന്റെ** കാരണങ്ങൾ വ്യക്തമാക്കാമോ; | (സി) | (i) ആതിരപ്പിള്ളി പദ്ധതിയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ബഹു: **ഹൈക്കോടതി** അസാധുവാക്കി. ഇതിനെതിരെ ബോർഡ് സമർപ്പിച്ച അപ്പീലും കൂടാതെ പരിസ്ഥിതി സംബന്ധമായ **രണ്ടു** പൊതു താല്പര്യഹർജികളും ഹൈക്കോടതിയുടെ പരിഗണനയിലാണ്. അന്തിമ **വിധി** വന്നിട്ടില്ലാത്തതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് **പോകാൻ** സാധിച്ചിട്ടില്ല.<br>(ii) ചെങ്കുളം **ഓഗ്മെന്റേഷൻ പദ്ധതിയുടെ** നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ ക്ഷണിച്ചെങ്കിലും വ്യവസ്ഥകളിലെ **ചില പോരായ്മകൾ** മൂലം ടെണ്ടർ നടപടികൾ റദ്ദാക്കുകയുണ്ടായി. പുതുക്കിയ **വ്യവസ്ഥകൾ** ഉൾപ്പെടുത്തി വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രീ-ക്വാളിഫിക്കേഷൻ **ബിഡുകളുടെ** മൂല്യനിർണ്ണയം നടന്നു വരുന്നു. |
| (ഡി) **പ്രസ്തുത** വിഷയത്തിൽ **കെ.എസ്.ഇ.ബി** യുടെ നയം **എന്താണ്?** | (ഡി) | **സംസ്ഥാനത്തിന്റെ** വൈദ്യുതി **ആവശ്യകത** കണക്കിലെടുത്ത് ഏറ്റവും ചെലവ് കുറഞ്ഞതും, മലിനീകരണ വിമുക്തവുമായ **ചെറുതും വലുതുമായ** ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുക **എന്നതാണ് ബോർഡിന്റെ നയം.** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266. 3-3-2009- ൽ മറുപടിയ്ക്ക്

ദേശീയ ഫിഷറീസ് വികസന ബോർഡിന്റെ പ്രവർത്തനങ്ങളും മത്സ്യകയറ്റുമതിയും

ചോദ്യം

ശ്രീ.കെ.രാജു :

ശ്രീ.എൻ.അനിരുദ്ധൻ :

ശ്രീ.രാജാജി മാത്യു തോമസ് :

ശ്രീ.എ.കെ.ചന്ദ്രൻ :

ശ്രീ.കെ.അജിത് :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ദേശീയ ഫിഷറീസ് വികസന ബോർഡ് മുഖേന സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് ; | (എ) നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ ഫിഷറീസ് വകുപ്പ് ട്രെയിനിംഗ് ആൻറ് ഡമോൺസ്ട്രേഷൻ, സ്റ്റോക്ക് എൻഹാൻസ്മെന്റ് ഇൻ റിസർവോയേഴ്സ് എന്ന പദ്ധതികൾ 2007-08 മുതൽ നടപ്പിലാക്കി വരുന്നു. ട്രെയിനിംഗ് ആൻറ് ഡമോൺസ്ട്രേഷൻ പദ്ധതി പ്രകാരം ലഭിച്ച 78.585 ലക്ഷം രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ പരിശീലനം നടത്തിവരുന്നു. സ്റ്റോക്ക് എൻഹാൻസ്മെന്റ് ഇൻ റിസർവോയേഴ്സ് പദ്ധതി പ്രകാരം ലഭിച്ച 42.85 ലക്ഷം രൂപ ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ ചുള്ളിയാർ, വാളയാർ, മീൻകര, പോത്തുണ്ടി, മംഗലം, കാഞ്ഞിരംപുഴ, മലമ്പുഴ എന്നീ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനം നടന്നുവരു |

| | |
|---|---|
| | ന്നു. എൻ.എഫ്.ഡി.ബി. യുടെ 18 ലക്ഷം രൂപയുടെ സാമ്പത്തികസഹായം ഉപയോഗിച്ച് മത്സ്യഫെഡ് ആറ്റുകൊഞ്ച് കൃഷി നടപ്പിലാക്കി. |
| (ബി) ഈ പദ്ധതികളുടെ ധനകാര്യ പാക്കേജുകൾ പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) ആഗോള സാമ്പത്തികമാന്ദ്യംമൂലം സംസ്ഥാനത്തിന്റെ മത്സ്യകയറ്റുമതി കുറഞ്ഞിട്ടുണ്ടോ ; കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ എത്ര ശതമാനം കുറഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) ഉണ്ട്. 2008-09 ഏപ്രിൽ-ഡിസംബർ വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് മത്സ്യകയറ്റുമതി 1.32% കുറഞ്ഞിട്ടുണ്ടെന്നാണ് M.P.E.D.A. യുടെ കണക്ക്. |
| (ഡി) കയറ്റുമതി രംഗത്തെ പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) കയറ്റുമതി വളർച്ച നിലനിർത്തുന്നതിനായി താഴെപറയുന്ന പാക്കേജുകൾ നടപ്പിലാക്കിവരുന്നു.<br>1. പ്രീ ആൻറ് പോസ്റ്റ് ഷിപ്മെൻറ് എക്സ്പോർട്ട് ക്രെഡിറ്റ് ഫോർ ലേബർ ഇൻറൻസീവ് എക്സ്പോർട്സ് - ഇതിൽ മത്സ്യോല്പന്നങ്ങൾക്ക് 2% interest subvention നല്കുന്നുണ്ട്.<br>2. മത്സ്യോല്പന്നങ്ങളെ വിശേഷ് കൃഷി & ഗ്രാമ ഉദ്യോഗ്യോജന സ്കീമിന്റെ (VKGUY) ടേബിൾ 13 അപ്പൻറിക്സ് 37 എ യിൽ ഉൾപ്പെടുത്തി 6% ഡ്യൂട്ടി ക്രഡിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>3. മൂല്യവർദ്ധിത സമുദ്രോല്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ചരക്കുകൂലി സഹായത്തിനുള്ള സ്കീം. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 267** | **03.03.2009-ലെ മറുപടിയ്ക്ക്**

### ഇ.എസ്.ഐ. ആശുപത്രികളിൽ നഴ്സിംഗ് കോളേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ. കെ.കെ.ദിവാകരൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) എല്ലാ ഇ.എസ്.ഐ.ആശുപത്രികളിലും നഴ്സിംഗ് കോളേജ് ആരംഭിക്കാൻ ഇ.എസ്.ഐ.കോർപ്പറേഷനോട് ശുപാർശ ചെയ്തിട്ടുണ്ടോ ; | **(എ)** ഉണ്ട് |
| (ബി) എങ്കിൽ കോർപ്പറേഷൻ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | **(ബി)** സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ.കോർപ്പറേഷന്റെ , ഒരു ഉന്നതതല സംഘം സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായുള്ള സാധ്യതാ പഠനം നടത്തിക്കഴിഞ്ഞു. |
| (സി) ഗുരുതരമായ കേസുകളിൽ ഇ.എസ്.ഐ.ഗുണഭോക്താക്കൾക്ക് സ്വകാര്യ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ; | **(സി)** ഉണ്ട് |
| (ഡി) എല്ലാ ആശുപത്രികളിലും വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | **(ഡി)** രൂപീകരിച്ചിട്ടുണ്ട്. |

Subhash-S

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 266 03.03.2009 ൽ മറുപടിയ്ക്ക്

## സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :

(എ) വിവിധ കോടതി വിധികളുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നല്ലാതെ പ്രവേശനം നടത്തുന്ന വിവിധ സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം ലഭിച്ച പിന്നോക്ക പട്ടികജാതി -വർഗ്ഗ വിദ്യാർത്ഥികൾക്കു കൂടി സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ മൂലം നിരവധി പിന്നോക്ക, പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല എന്ന കാര്യം പരിഗണിച്ച് ഇതു പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. എ.കെ. ബാലൻ

(പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജുകളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക്ലിസ്റ്റിൽ നിന്നും മെറിറ്റ് സീറ്റിലും സംവരണസീറ്റിലും പ്രവേശനം നേടി പഠനം നടത്തുന്ന സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ജസ്റ്റീസ്.കെ.റ്റി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഉയർന്ന നിരക്കിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നു. എന്നാൽ പ്രസ്തുത പ്രവേശനപരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നല്ലാതെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്ന സ്വാശ്രയ മെഡിക്കൽ- എഞ്ചിനീയറിംഗ് കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിന് നിലവിൽ സർക്കാർ ഉത്തരവുകളില്ല.

(ബി) ഫീസിന്റെ കാര്യത്തിലും സംവരണത്തിന്റെ കാര്യത്തിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:269 03-03-2009-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.അബ്ദുറബ്ബ്<br>ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി. | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ | സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | ഉണ്ട്. സംസ്ഥാനത്ത് ഭൂരഹിതരായ 22052 ആദിവാസി കുടുംബങ്ങൾ ഉള്ളതായാണ് 2001 നവംബറിൽ ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി | ഭൂരഹിതരായ പട്ടികജ്ജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | ഉണ്ട്. ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ ലഭ്യതയനുസരിച്ച് പരമാവധി 5 ഏക്കർ വരെ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലഭ്യമായ മിച്ച ഭൂമി പുറമ്പോക്ക് ഭൂമി എന്നിവ വിതരണം ചെയ്യുന്ന നടപടിയും തുടർന്നു വരുന്നു. ആദിവാസി കുടുംബങ്ങളുടെ കൈവശമുള്ള റവന്യൂ ഭൂമിക്ക് പട്ടയം നൽകുന്ന നടപടിയും തുടർന്നു വരുന്നുണ്ട്. കേന്ദ്ര വനാവകാശ നിയമം 2006 സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. ഇതിൻ പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് വനത്തിലുള്ള അർഹമായ അവകാശങ്ങൾ, ഭൂമിക്കുള്ള അവകാശങ്ങൾ ഉൾപ്പെടെ സ്ഥാപിച്ചു കിട്ടുന്നതാണ്. ഇതിനു പുറമെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജ്ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള ഒരു ബൃഹത്തായ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.<br><br>ഭൂരഹിത പട്ടികജ്ജാതിക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി, പട്ടികജ്ജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ പുനരധിവാസ പദ്ധതി, പട്ടികജ്ജാതിക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കുള്ള ഭൂരഹിത - ഭവനരഹിത പുനരധിവാസ പദ്ധതി, പട്ടികജ്ജാതിക്കാർക്ക് കൃഷി ഭൂമി വാങ്ങുന്നതിനുള്ള വായ്പ പദ്ധതി എന്നിവ പട്ടികജ്ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് .

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 270

3. 3. 2009-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി
എ.പ്രദീപ് കുമാർ
പി.വിശ്വൻ

എ) മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ?

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

എ) 1. മത്സ്യബന്ധനത്തിനിടെ അപകടം സംഭവിച്ചാൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രക്ഷാബോട്ടുകളുടെ സഹായത്തോടെ രക്ഷാപ്രവർത്തനം നടത്തിവരുന്നു.

2. കടൽ സുരക്ഷാ സേനയുടെ സേവനം മൺസൂൺ കാലയളവിലും, മറ്റ് അടിയന്തിര ഘട്ടങ്ങളിലും ഉപയോഗി ച്ചുവരുന്നു.

3. പ്രകൃതിക്ഷോഭം, പ്രതികൂല കാലാവസ്ഥ, മത്സ്യലഭ്യത എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറി യിപ്പു നൽകുന്നതിന് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

4. TEAP ൽ ഉൾപ്പെട്ട 'റിസ്ക് മിറ്റിഗേഷൻ സീ സേഫ്റ്റി ' ഉപകരണങ്ങൾ എന്ന പദ്ധതി പ്രകാരം ISRO വികസിപ്പിച്ചെടുത്ത സെർച്ച് ആന്റ് റെസ്ക്യൂ ബീക്കണുകൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റുകൾ മത്സ്യ ത്തൊഴിലാളികൾക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. സുനാമി പുനരധിവാസ പദ്ധതി/ പ്രധാനമന്ത്രിയുടെ ദേശീയ സുരക്ഷാ നിധി എന്നീ പദ്ധതികൾ പ്രകാരം 7000 കടൽ സുരക്ഷാ കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, സർവൈവൽ റേഷൻ (വൈറ്റമിൻ ബിസ്ക്കറ്റ്), റഡാർ റിഫ്ളക്ടർ, എമർജൻസി ഫ്ളാഷ് ലൈറ്റ്, കോമ്പസ്, ഫസ്റ്റ് എയ്ഡ്കിറ്റ്, ജാക്ക്നൈഫ്, കന്നാസ് എന്നിവ സുരക്ഷാ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 20,000/- രൂപയാണ് കിറ്റൊന്നിന് ചെലവ് വരുന്നത്.

6. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 50 മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, 9 കടൽസുരക്ഷാസേനാ സംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

7. കടൽരക്ഷാ പ്രവർത്തനം നടത്തുന്നതിന് സഹായകര മായ വിധത്തിൽ വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ എന്നീ കോസ്റ്റ് ഗാർഡ് സ്റ്റേഷനുകളിൽ ഓരോ ഹെലികോപ്ടർ വീതം അനുവദിക്കണമെന്ന് കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രിയോട് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്.

8. മത്സ്യബന്ധനത്തിനിടെ അപകടമുണ്ടാകുമ്പോൾ ധനസഹായം നൽകുന്നതിന് മത്സ്യബോർഡു വഴി ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ട്.

9. മത്സ്യത്തൊഴിലാളികളുടെ ജീവനും, ജീവനോപാധികൾക്കും സംരക്ഷണം നൽകുവാൻ കേന്ദ്ര സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി 2007 ഡിസംബർ മുതൽ നടപ്പിലാക്കിവരുന്നു.

10. ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്ന് റസ്ക്യൂ ബോട്ടുകൾ ലഭ്യമാക്കുന്നതിന് നടപടി കൈക്കൊണ്ടു വരുന്നു.

ബി) മത്സ്യബന്ധനയാനങ്ങൾക്ക് കടലിൽ സുരക്ഷ ഉറപ്പാക്കാൻ ബീക്കണുകൾ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

ബി) സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ബീക്കണുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി) രക്ഷാപ്രവർത്തനത്തിന് ഹെലികോപ്റ്റർ ലഭ്യമാക്കാനുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

സി) രക്ഷാപ്രവർത്തനം നടത്തുന്നതിന് ഹെലികോപ്റ്റർ ലഭ്യമാക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ഡി) മത്സ്യത്തൊഴിലാളികൾക്കും അവരുടെ ബോട്ടുകൾക്കും പണിയായുധങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഡി) മത്സ്യത്തൊഴിലാളികളുടെ ജീവനും അവരുടെ ജീവനോപാധികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് 'മത്സ്യസുരക്ഷ' എന്ന പേരിൽ ഒരു ഇൻഷ്വറൻസ് പദ്ധതി രൂപംകൊടുത്ത് നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും, ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായിട്ടാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ അപകടമരണം, അവശത, കാണാതാകൽ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ- 2007 ഡിസംബർ മുതൽ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യബോർഡ് തയ്യാറാക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ പേര് രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ളവരും ഫിഷറീസ് വകുപ്പിൽ വള്ളം, എഞ്ചിൻ എന്നിവ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനോപകരണങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുക. ഇതിലേയ്ക്കുള്ള പ്രീമിയം തുക സർക്കാരാണ് അടക്കുന്നത്. ഒരു ലക്ഷംരൂപവരെയാണ് ഇൻഷ്വറൻസ് ക്ലെയിം. ഇതിനായി 86.54 ലക്ഷം രൂപ പ്രീമിയം അടക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

മത്സ്യസുരക്ഷയുടെ ഭാഗമായി ജീവനോപാധികളുടെ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. കേരളത്തിലെ 20,000 ത്തോളം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും 17000-ത്തോളം എഞ്ചിനുകൾക്കും ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കും. പ്രകൃതിക്ഷോഭത്താലും മറ്റ് അപകടത്താലും യാനമോ എഞ്ചിനോ നഷ്ടപ്പെട്ടാൽ അതിന്റെ വിലയുടെ 75% വരെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും. 50% ത്തിൽ കൂടുതൽ റിപ്പയർ ചെലവ് വരികയാണെങ്കിൽ റിപ്പയർ ചെലവിന്റെ 75% വരെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും. യാനവും, എഞ്ചിനും, വലയും നഷ്ടപ്പെടുകയാണെങ്കിൽ വലയ്ക്ക് പ്രത്യേകിച്ച് പ്രീമിയം ഇല്ലാതെ 20,000 രൂപവരെ ഇൻഷ്വറൻസ് തുക നൽകുന്നതാണ്. പ്രീമിയമായി അടയ്ക്കേണ്ടത് സമ്മതവിലയുടെ (agreed value) 1.8% ആണ്. ഇതിന്റെ 25% മത്സ്യത്തൊഴിലാളികളും ബാക്കി 75% സർക്കാരുമാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ